കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൈവളികെ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-5/104/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994-256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 14.02.2019

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

പൈവളികെ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പൈവളികെ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡ.5/104/2019, തിയ്യതി:14.02.2019.

# കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017മുതൽ 31-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2017മുതൽ 31-03-2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-01-2019 മുതൽ 22-01-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.വിനോദ് കുമാർ.സി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജെന്ന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഭാരതി ഷെട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.ഫ്രാൻസിസ് | 01.04.2017 മുതൽ 16.06.2017 വരെ |
| | ശ്രീ.ചന്ദ്രൻ.എം.വി. | 17.06.2017 മുതൽ 18.01.2018 വരെ |
| | ശ്രീ.രമേശ്കുമാർ.പി (അസി.സെക്രട്ടറി) | 19.01.2018 മുതൽ 24.02.2018 FN വരെ |
| | ശ്രീ.കെ.പി.എം. നവാസ് | 24.02.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജഗദീഷ്.പി (ഇൻചാർജ്ജ്) | 01.04.2017 മുതൽ 14.06.2017വരെ |
| | | ശ്രീ.രമേഷ് കുമാർ.പി | 15.06.2017 മുതൽ 31.03.2018 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | കുമാരി.മാളു പി. ശശി | 01.04.2017 മുതൽ 14.06.2017 വരെ |
| | | ശ്രീ. രാഹുൽ.ആർ. | 15.06.2017 മുതൽ 31.03.2018 വരെ |
| 3 | കൃഷി ഓഫീസർ | കുമാരി.അനില.എസ് | 01.04.2017 മുതൽ 31.07.2017 വരെ |
| | | ശ്രീ.ജലേശൻ.പി.വി. | 01.08.2017 മുതൽ 31.01.2018 വരെ |
| | | കുമാരി.ഹരിത.കെ.വി | 01.02.2018 മുതൽ 31.03.2018 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അംബികാ കുമാരി | 01.04.2017 മുതൽ 27.11.2017 വരെ |
| | | ശ്രീമതി.അജിത ടി. തെറ്റത്ത് | 28.11.2017 മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ | ശ്രീ.ശൈലേഷ്. എൻ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | പ്രധാനാധ്യാപകൻ | ശ്രീമതി.ഗീത | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | വെറ്റിനറി സർജ്ജൻ | മിഥുൻ മാധവ് | 01.04.2017 മുതൽ 22.10.2017 |
| | | ശ്രീ.വിഷ്ണു വിജയൻ | 23.10.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ശ്രീ.മുരളീധര ഷെട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ശ്രീമതി.സീതാരത്ന | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.നിയാസ് ബാബു | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ | വിഷയം | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | വസ്തുനികുതി പിരിവ്, നിർണ്ണയം : പൊതുവായ അപാകതകൾ | 2-1 |
| 14 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 2-3 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ | 2-4 |

| | | |
|---|---|---|
| 17 | 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല | 2-5 |
| 18 | ഡി .ആന്റ്.ഒ.ലൈസൻസ് പുതുക്കലും ഫീസ് പിരിവും-അപാകതകൾ | 2-6 |
| 19 | ഡി.&ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 2-7 |
| 20 | തൊഴിൽ നികുതി - പൊതു അപാകതകൾ | 2-8 |
| 21 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. | 2-9 |
| 22 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-10 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 23 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 1.3 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല | 3-1 |
| 24 | ഇ.ഇം.എസ്. ഭവന പദ്ധതി വായ്പാ തിരിച്ചടയ്ക്കുന്നതിൽ കാലതാമസം.സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ നഷ്ടം | 3-2 |
| 25 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ -പ്രയോജനരഹിതമായി 17.19ലക്ഷം | 3-3 |
| 26 | ജലനിധി - നിഷ്ഫലമായ പദ്ധതി - ജലലഭ്യത ഇപ്പോഴും 'മരീചിക | 3-4 |
| 27 | തെരുവ് വിളക്ക് പുനരുദ്ധാരണം-പദ്ധതി നടത്തിപ്പ്,നിർവഹണം, മേൽനോട്ടം എന്നിവയിലെ അപാകതകൾ | 3-5 |
| 28 | കുടിവെള്ള വിതരണം - അപാകതകൾ സംബന്ധിച്ച് | 3-6 |
| 29 | ചെലവുകളുടെ സാധുത സംബന്ധിച്ച് വ്യക്തത നൽകിയില്ല – തനത് ഫണ്ടിൽ നിന്നുള്ള ഏതാനും ചെലവുകൾ അംഗീകരിക്കുന്നില്ല | 3-7 |
| 30 | റെക്കോർഡ് റൂം സജ്ജമാക്കിയിട്ടില്ല,ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-8 |
| 31 | പഞ്ചായത്തിനായി പ്രതിമാസ നിരക്കിൽ വാഹനം വാടകക്ക് എടുത്തത് സംബന്ധിച്ച് | 3-9 |

| | | |
|---|---|---|
| 32 | ശവദാഹപ്പെട്ടി വിതരണം (158/18)-പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-10 |
| 33 | ആശുപത്രിക്കായി നിർമ്മിച്ച കെട്ടിടങ്ങൾ -പ്രവർത്തനക്ഷമമാക്കണം | 3-11 |
| 34 | വനിതാ സൗകര്യ കേന്ദ്രം - പ്രവർത്തന സജ്ജമാക്കിയിട്ടില്ല | 3-12 |
| 35 | പഞ്ചിപ്പള്ള സോന്തി റോഡ് ടാറിംഗ് പ്രവൃത്തി - അന്തിമ ബില്ലിൽ ടാറിന്റെ വില ഈടാക്കിയതിൽ കുറവ്. | 3-13 |
| 36 | ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല – അപാകത. | 3-14 |
| 37 | മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടില്ല. | 3-15 |
| 38 | ദേശിയ വികലാംഗ പുനരധിവാസ പദ്ധതികൾക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-16 |
| 39 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-17 |
| 40 | സ്വാന്തന പരിചരണ പദ്ധതിയ്ക്കായി ലഭിച്ച തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 3-18 |
| 41 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-19 |
| 42 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-20 |
| 43 | എസ്.എസ്.എ.വിഹിതം നൽകിയത് വിനിയോഗ വിവരം പൂർണ്ണമല്ല. | 3-21 |
| 44 | ആശ്രയപദ്ധതി- നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത് 12.05ലക്ഷം രൂപ | 3-22 |
| 45 | ലൈഫ് ഭവന പദ്ധതി. | 3-23 |
| 46 | വിദ്യാർത്ഥികൾക്ക് ഫർണിച്ചറും,സൈക്കിളും നൽകിയത്-കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-24 |
| 47 | സമ്പൂർണ്ണ സാക്ഷരത – പദ്ധതി മാർഗ്ഗരേഖ, പ്രൊജക്ട് നിർദ്ദേശം എന്നിവ പാലിക്കാതെ തുക ചെലവഴിച്ചു | 3-25 |

| | | |
|---|---|---|
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 48 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 49 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 55 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 ലെ 1നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 1,50,46,645 |
| വരവ് | 21,76,08,746 |
| ആകെ | 23,26,55,391 |
| ചെലവ് | 22,37,45,146 |
| നീക്കിയിരിപ്പ് | 89,10,245 |

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

2017-18 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം ആവശ്യമാണ്.

| ഇനം | പ്രതീക്ഷിത വരവ്-ചെലവ് | യഥാർത്ഥ വരവ്-ചെലവ് | ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിലുള്ള അന്തരം |
|---|---|---|---|
| മുന്നിരിപ്പ് | ₹1,50,46,645 | ₹1,85,23,068 | (+) ₹34,76,423 |
| വരവ് | ₹21,76,08,746 | ₹8,78,28,747 | (-) ₹12,97,79,999 |
| ആകെ | ₹23,26,55,391 | ₹10,63,51,815 | (-) ₹12,63,03,576 |
| ചെലവ് | ₹22,37,45,146 | ₹9,53,30,276 | (-) ₹12,84,14,870 |
| നീക്കിയിരിപ്പ് | ₹89,10,245 | ₹1,10,21,539 | (+)₹ 21,11,294 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 25.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2017-18 | 6.07.2018 മുതൽ<br>7.07.2018 വരെ | കെ.എസ്.എ-കെ.എസ്.ഡി.3/966/2018. തി. 10-08-2018. (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1).2017-2018 വർഷത്തിൽ Financial Help for Widows daughters Marriage ഇനത്തിൽ ₹9,30,000/- വരവു ചെലവു ഉണ്ട്. എന്നാൽ R&P അക്കൗണ്ടിൽ Financial Help for Widows daughters Marriage ഇനത്തിൽ വരവ് ചെലവ് വന്നിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ 9,30,000/- രൂപയുടെ വരവ് ചെലവ് ക്രമപ്പെടുത്തേണ്ടതാണ്.

2).തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (schedule I-6) ആകെ ചെലവ് 12,72,704/- രൂപ മാത്രമാണ്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട കാഷ്ബുക്ക് & EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് ₹2,77,27,382/-(Admin.expn.12,72,704/-+FTO 2,31,23,412/-+Semi skilled labour ₹9,83,152/-+Material 23,48,114/-=2,77,27,382/-) രൂപയുമാണ്. 2,64,54,678/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയത് ക്രമപ്പെടുത്തേണ്ടതാണ്.

3).ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4).ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

5).31.03.2018 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 6,22,298.00 രൂപ ആസ്തി കാണുന്നു. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

6).വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തികരിച്ചെങ്കിലും, പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ,

അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7).Traditional function fund – 2017-18 ലെ അലോട്ട്മെന്റ് 1,14,30,923 രൂപ. വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് 1,13,40,000 രൂപ.നീക്കിയിരിപ്പ് വിവരങ്ങൾ,പാസ് ബുക്ക്,Statement of account, റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അധിക നിരീക്ഷണങ്ങൾ

1) നെൽകൃഷി ഉൽപാദന ബോണസ്സ് ഇനത്തിൽ തൻവർഷം വരവുള്ള 3,10,000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ രസീപ്റ്റ് &പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പകരം സംയുക്ത പദ്ധതി(നെൽകൃഷി കൂലിച്ചെലവ്) ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 5,52,500/- രൂപയാണ് പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) E.M.S.ഭവന പദ്ധതി വായ്പാ തിരിച്ചടവ് തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നേരിട്ട് ലോൺ അക്കൗണ്ടിൽ അടയ്ക്കാതെ മറ്റൊരു അക്കൗണ്ടിൽ നിക്ഷേപിച്ച് ഒടുക്കുന്നതിനാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുകകൾ ആവശ്യമില്ലാതെ വരവിലെടുക്കേണ്ട സാഹചര്യം വരുന്നു.ഈ രീതി ഒഴിവാക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | ₹1,85,23,068 |
| വരവ് | ₹8,78,28,747 |
| ആകെ | ₹10,63,51,815 |
| ചെലവ് | ₹9,53,30,276 |
| നീക്കിയിരിപ്പ് | ₹1,10,21,539 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2017-18)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ്(₹) | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,13,02,000 | 2,13,02,000 | 1,95,65,811 | 17,36,189 | 91.84% |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| വികസനഫണ്ട് എസ്.സി.പി. | | 0 | 44,28,294 | 44,28,294 | 27,07,778 | 17,20,516 | 61.14% |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 60,77,530 | 60,77,530 | 40,43,720 | 20,33,810 | 66.53% |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 1,00,23,000 | 1,00,23,000 | 92,99,741 | 7,23,259 | 92.78% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 47,57,000 | 47,57,000 | 36,88,092 | 10,68,908 | 77.52% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 1,52,85,849 | 1,52,85,849 | 1,03,71,874 | 49,13,975 | 67.85% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | | 0 | 46,46,268 | 46,46,268 | 38,71,449 | 7,74,819 | 83.32% |
| മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | വേതനം | 0 | 2,64,88,008 | 2,64,88,008 | 2,64,88,008 | 0 | |
| | ഭരണ ച്ചെലവ് (KGB Ac No 7773) | 73,553.02 | 9,87,289 | 10,60,842.02 | 10,47,604 | 13,238.02 | |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | | - | 8,93,000 | 8,93,000 | 7,64,004 | 1,28,996 | |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | | - | 1,00,000 | 1,00,000 | 79,700 | 20,300 | |
| തൊഴിലില്ലായ്മ വേതനം | | - | 9,240 | 9,240 | 9,240 | - | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | - | 9,30,000 | 9,30,000 | 9,30,000 | | |
| നെൽകൃഷി ഉല്പാദന ബോണസ് | | - | 3,10,000 | 3,10,000 | 3,10,000 | - | |
| തൊഴിലുറപ്പ് പദ്ധതി നൂറ് ദിനം | | - | 2,24,000 | 2,24,000 | 2,24,000 | - | |

| | | | | | | |
|---|---|---|---|---|---|---|
| പൂർത്തിയാക്കിയവർക്കുള്ള ഇൻസെന്റീവ് | | | | | | |
| ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഫണ്ട് &തനത് ഫണ്ട്) | 1,29,77,672 | 1,38,66,002 | 2,68,43,674 | 2,43,10,841 | 25,32,833 | |
| തനത് ഫണ്ട് അംഗടിമുഗർ SCB (Ac No 2908 of PSSB ) | 15,57,896 | 89,50,029 | 1,05,07,925 | 51,37,321 | 53,70,604 | |
| SBIഉപ്പള e-payment | - | 44,679 | 44,679 | 649 | 44,030 | |
| പെൻഷൻ സിൻഡിക്കേറ്റ് ബാങ്ക് | 110 | 02 | 112 | Nil | 112 | |
| സിൻഡിക്കേറ്റ് ബാങ്ക്-പ്ലാൻ ഇംപ്രസ്റ്റ് | 9,51,995 | 38,703 | 9,90,698 | - | 9,90,698 | |
| പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി | 5,347 | 214 | 5,561 | - | 5,561 | |
| SBI പൈക്ക | 23,393 | 872 | 24,265 | - | 24,265 | |
| KDC ബാങ്ക് ഇ.എം.എസ് ഭവന പദ്ധതി | 1,76,119 | 10,21,493 | 27,37,612 | 19,79,400 | 7,58,212 | |
| ജലനിധി കേരള ഗ്രമീൺ ബാങ്ക് | 1,20,75,49 | 61,05,764 | 73,13,313 | 62,34,878 | 10,78,435 | |
| സാക്ഷരത- പൈവളികെ സർവീസ് സഹകരണബാങ്ക് | 1,820 | 34,909 | 36,729 | 12,000 | 24,729 | |
| ബായാർ SCB | 5,832 | 233 | 6,065 | - | 6,065 | |
| വിജയ ബാങ്ക് TAR A/C | - | 51,88,141 | 51,88,141 | 50,86,964 | 1,01,177 | |
| പൈവളികെ സർവീസ് സഹകരണബാങ്ക് IWDP 2744 | 1,782 | 71 | 1,853 | - | 1,853 | |

**

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 302 | 186 | 3 | 113 | 62.58% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച തസ്വഭവപതസ്വഭവദ്ധതി രേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ (₹) | എണ്ണം | ചെലവ് തുക(₹) | |
| 1 | സെക്രട്ടറി | 22 | 85,96,607 | 14 | 63,20,733 | 73.52% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 38,85,700 | 8 | 24,51,200 | 63.08% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 226 | 7,00,39,891 | 128 | 3,39,01,132 | 48.40% |
| 4 | കൃഷി ഓഫീസർ | 11 | 65,44,933 | 11 | 28,81,220 | 44.02% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 25,55,000 | 8 | 18,25,000 | 71.12% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 51,75,787 | 7 | 45,66,942 | 88.23% |

| | | | | | | |
|---|---|---|---|---|---|---|
| 7 | വെറ്ററിനറി സർജ്ജൻ | 5 | 20,76,361 | 5 | 11,91,827 | 57.4% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 1,50,000 | 1 | 1,50,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 1 | 8,00,000 | 1 | 7,46,704 | 93.33% |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100% |
| 11 | പ്രധാനാധ്യാപകൻ | 5 | 5,25,000 | 5 | 5,25,000 | 100% |
| | ആകെ | 302 | 10,04,49,279 | 189 | 5,46,59,758 | 54.42% |

2017-18 സാമ്പത്തിക വർഷം ആകെ 302 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 189 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 62.58% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 226പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 128 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 48.4% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരായ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 63.08% മാത്രമാണ് ചെലവഴിച്ചത്, അതുപോലെ കൃഷി ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 44.02% മാത്രമാണ് ചെലവഴിച്ചത്, വെറ്ററിനറി സർജ്ജൻ വകയിരുത്തിയ തുകയുടെ 57.4% മാത്രമാണ് ചെലവഴിച്ചത്. മേൽ പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ കുറഞ്ഞ ചെലവു ശതമാനം ഭരണ സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മിക്ക വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. 29.03.2018ലെ സർക്കാർ ഉത്തരവ് നമ്പർ 72/2017/ത.സ്വ.ഭ.വ. പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വർക്കിങ്ങ് ഗ്രൂപ്പുകൾ അവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല. ഇക്കാര്യം ഭരണ സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 96.23% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നികുതി നികുതി ഇതര

വരവിനങ്ങളിൽ കഴിഞ്ഞ വർഷത്തെ പിരിവിന്റെ ഇരട്ടിയോളം തുക തൻവർഷം പിരിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന വസ്തുത അഭിനന്ദനാർഹമാണ്.

| ഇനം | മുൻവർഷം(₹) | തൻവർഷം(₹) | വ്യത്യാസം(₹) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 23,94,582 | 48,08,849 | +24,14,267 | +100.82% |
| നികുതിയേതര വരവുകൾ | 4,99,890 | 9,64,705 | +4,64,815 | +92.98% |
| മറ്റുള്ളവ | 1,40,755 | 1,82,499 | +41,744 | +29.65% |
| ആകെ | 30,35,227 | 59,56,053 | 29,20,826 | +96.23% |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ്(₹) | നീക്കി യിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണച്ചെലവ് | 73,553 | 9,87,289 | 10,60,842 | 10,47,604 | 13,238 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2,64,88,008 | 2,64,88,008 | 2,64,88,008 | - |
| ആകെ | 73,553 | 2,74,75,297 | 2,75,48,850 | 2,75,35,612 | 13,238 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 6.68 കോടി രൂപ അടങ്കലുള്ള 2393 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 363പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 88,822 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 239 കുടുംബങ്ങളുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 9,240 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 22,74,000 | 230 |
| വിധവാപെൻഷൻ | 1,40,31,300 | 1227 |
| വാർദ്ധക്യകാലപെൻഷൻ | 2,07,46,200 | 1872 |
| വികലാംഗപെൻഷൻ | 51,41,200 | 499 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,58,665 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 9,30,000 | 31 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2019 തീയതിയിൽ 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 4,010/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |

2017-2018 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ തസ്തികളിലെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | തസ്തിക ഒഴിഞ്ഞുകിടന്നിരുന്ന കാലയളവ് |
|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി. | 01.04.2017 മുതൽ 14.06.2017 വരെ |
| 2 | സീനിയർ ക്ലാർക്ക് | 14.09..2017 മുതൽ 14.11.2017 വരെ |

| | | |
|---|---|---|
| 3 | ക്ലാർക്ക് | 01.04.2017 മുതൽ 17.11.2017 വരെ |
| | | 20.09.2017 മുതൽ 31.10.2017 വരെ |
| | | 20.09.2017 മുതൽ 13.11.2017 വരെ |

ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

01.01.2019 ലെ ഉത്തരവ് നം 5388/2019പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) ശ്രീ. ദിനേശൻ.കെ, സീനിയർ ക്ലാർക്കിന്റെ ശമ്പളം 01.07.2014ന് ജി.ഒ. (പി) നം. 7/2016/Fin. തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങേണ്ടതാണ്.

2) ശ്രീ. ഇബ്രാഹിം.കെ.സി, ഹെഡ് ക്ലാർക്കായി പൈവളികെ ഗ്രാമപഞ്ചായത്ത് കാര്യലയത്തിൽ 09.11.2018 ൽ ജോലിയിൽ പ്രവേശിച്ചെങ്കിലും അദ്ദേഹത്തിന്റെ സേവന പുസ്തകത്തിൽ പൈവളികെ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇദ്ദേഹത്തിന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനന തീയതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3) ശ്രീ. നിസാർ.കെ.പി, അസിസ്റ്റന്റ് സെക്രട്ടറിയായി പൈവളികെ ഗ്രാമപഞ്ചായത്ത് കാര്യലയത്തിൽ 10.12.2018 ൽ ജോലിയിൽ പ്രവേശിച്ചെങ്കിലും അദ്ദേഹത്തിന്റെ സേവന പുസ്തകത്തിൽ പൈവളികെ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇദ്ദേഹത്തിന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനന തീയതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 6 തവണ ചേർന്നിട്ടുണ്ട് (18.05.2017, 19.09.2017, 12.10.2017, 13.12.2017, 31.01.2018, 19.03.2018). ഇതിൽ 31.01.2018ന് ചേർന്ന യോഗതീരുമാനങ്ങളൊന്നും മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ

കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സുകളും അക്കൗണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയ്ക്കായി ഒരു അക്കൗണ്ട് ഉണ്ടെങ്കിലും ആയതിൽ തുകയൊന്നും തന്നെ നിക്ഷേപിക്കുന്നില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. തൻ വർഷം 63.14 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രമപഞ്ചായത്തിലെ പി. എച്ച്. സി.യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങലിലേക്ക് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് റോഡ് ടാറിംഗ്, റീടാറിഗ് പ്രവൃത്തികൾക്കായി ടാറും, എമൽക്ഷനും വാങ്ങി കരാറുകാർക്ക് നല്കിയിരുന്നു. എന്നാൽ ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2017-2018 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളൊന്നും തന്നെ സചിത്ര സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തികളെല്ലാം ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബായിക്കട്ട (സെന്റർ നമ്പർ 118), കുരിയ (സെന്റർ നമ്പർ 111) എന്നീ അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. അതുപോലെ ഹോമിയോ ഡിസ്പെൻസറിയും വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ത്വരിതപ്പെടുത്തണം.

2017-2018 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരമസമിതി 24 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ്

ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2019 | 12/2018 | ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.04.2007 മുതൽ 18.04.2007 വരെ | 1997-1998 മുതൽ 2006-2007വരെ | LBA(HQ)/III /8A-1123/49 dt. 24.05.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ്, നിർണ്ണയം : പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ധനകാര്യപത്രികയിലെ ബാലൻസ്ഷീറ്റ് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള(ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം കുടിശ്ശിക (ഗാർഹികം) | ₹3,96,571 |
| മുൻവർഷങ്ങളിലെ കുടിശ്ശിക (ഗാർഹികം) | ₹13,08,701 |
| തൻവർഷം കുടിശ്ശിക(ഗാർഹികേതരം) | ₹3,42,210 |
| മുൻവർഷങ്ങളിലെ കുടിശ്ശിക (ഗാർഹികേതരം) | ₹8,46,223 |

| | |
|---|---|
| ആകെ | ₹28,93,705 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

മറ്റ് അപാകതകൾ

2) 660 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ. ഉ. (എം. എസ്.) നം. 144/15/ ത.സ്വ.ഭ.വ. തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2017-18 ൽ മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷകർ സമർപ്പിച്ച സത്യവാങ്മൂലം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

a) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു പോരേണ്ടതാണ്.

b) മേൽ ചട്ടങ്ങൾ 21(3) പ്രകാരം, ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

c)സ. ഉ. (എം. എസ്.) നം. 144/15/ ത.സ്വ.ഭ.വ. തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

d) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.

4)സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

5)നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിൽ കുറവ്.

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ. എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്.ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ.(അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 5കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് {1)xvi/31B, 2)xvii/620A, 3)xv/428A, 4)ix/122A, 5)ix/122B }. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ടെങ്കിലും 1.8.2017- ന് മുമ്പെ യു.എ. നമ്പർ നൽകിയ കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരം നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കാതെ നിയമാനുസൃത കെട്ടിടങ്ങളെപ്പോലെ തന്നെയുള്ള നികുതിയാണ് ഈടാക്കി കാണുന്നത്. കൂടാതെ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ അനധികൃത കെട്ടിടങ്ങളിൽ നിന്നും(വാണിജ്യ കെട്ടിടമുൾപ്പെടെ) വസ്തു നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കേണ്ടതാണ്. ഈ അപാകത എത്രയും പെട്ടെന്ന് തന്നെ പരിഹരിക്കപ്പെടേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

(1) കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് 12900/ആർ.എ1/2015/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ ഉള്ളതായി കാണുന്നു. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. പല അപേക്ഷകളിലും അപേക്ഷ അനുവദിച്ച വിവരമോ ഫീസ് ഈടാക്കിയ വിവരമോ രേഖപ്പെടുത്തിയിട്ടില്ല.

(2) അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, പ്ലോട്ടിന്റെ വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, കെട്ടിടവിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ നിർമ്മാണം കെ.പി.ബി.ആർ. ചട്ടങ്ങൾക്ക് വിധേയമാണ്/അല്ല എന്ന് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സൂക്ഷ്മമായി രേഖപ്പെടുത്തുന്നില്ല.

(3) കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതെ നിരസിക്കുന്ന അപേക്ഷകളിൽ അനധികൃതമായി നിർമ്മാണം തുടരുന്നുണ്ടോ എന്നത് അന്വേഷിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ

36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 17-12-2011ലെ തീരുമാനം നമ്പർ 108/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 3 മൊബൈൽ ടവറുകളിൽ നിന്നും 2016-17 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിഴ പലിശ അടക്കം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (19-01-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ഹാജരാക്കിയിട്ടില്ല )

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ | വസ്തുനികുതി കുടിശ്ശിക (₹) |
|---|---|---|---|---|---|
| 1 | കെ.ആർ.രാഹുൽദാസ്. എസ്സാർ ടെലിക്കോം ഇൻഫ്രാസ്ട്രക്ച്ചർ എറണാകുളം | 495/F | 6 m2 | 2013-14 | 2,163 |
| | | | | 2014-15 | 2,835 |
| | | | | 2015-16 | 2,835 |
| | | | | 2016-17 | 2,835 |
| | | | | 2017-18 | 2,835 |
| 2 | ഇൻഫ്ര ടെൽ ടവർ ലിമിറ്റഡ്, ഇൻഡസ് ടവർ, കൊച്ചി | 518/A | 25m2 | 2013-14 | 14,438 |
| | | | | 2014-15 | 14,438 |
| | | | | 2015-16 | 14,438 |
| | | | | 2016-17 | 14,438 |
| | | | | 2017-18 | 14,438 |
| 3 | എസ്.എസ്.ആർ | 505/A | 5m2 | 2013-14 | 2,363 |

| | | | | |
|---|---|---|---|---|
| | ടെലികോം ഇൻഡസ്ട്രി പ്രൈവറ്റ് ലിമിറ്റഡ് എസ്സാർ ടെലികോം | | 2014-15 | 2,363 |
| | | | 2015-16 | 2,363 |
| | | | 2016-17 | 2,363 |
| | | | 2017-18 | 2,363 |
| | | | ആകെ | ₹97,508 |

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ

1) 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്ത കച്ചവടക്കാരനിൽനിന്നും മാസ വാടക ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | ഈടാക്കേണ്ട മാസവാടക | മാസവാടക ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | X1-575 | മാവേലിസ്റ്റോർ | 1,076 x 12 = 12,912 | ഇല്ല | 12,912 |
| | | | | ആകെ | ₹12,912 |

മേൽപറഞ്ഞ കച്ചവടക്കാരനിൽ നിന്നും ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവാടകയിനത്തിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്. (19-01-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി ഹാജരാക്കിയിട്ടില്ല )

2)ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ - സംഗ്രഹം എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവാടക ഇനത്തിൽ 1,09,044/-രൂപയുടെ ഡിമാന്റും, കലക്ഷൻ 96,132/-രൂപയുമാണ് ഉള്ളത്. എന്നാൽ കെട്ടിടവാടക ഡിമാന്റ് രജിസ്റ്ററിൽ അവയുടെ ഡിമാന്റ്,കലക്ഷൻ,ബാലൻസ് എന്നിവയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല, കെട്ടിടവാടകയുടെ സംഗ്രഹം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

നിലവിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഒൻപതോളം മുറികൾ വാടകയ്ക്കായി നൽകിയിട്ടുണ്ടെങ്കിലും അബൂബക്കർ,മേജർ യൂത്ത് ക്ലബ്ബ് ലൈബ്രറി എന്നീ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ യാതൊരു തുകയും ഈടാക്കിയതായി കാണുന്നില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച നിയമാവലി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഷോപ്പിംങ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് മുറികൾ വാടകയ്ക്ക് നൽകുന്നതുമായുള്ള നിബന്ധനകൾ ഏതൊക്കെയാണെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടകയിനത്തിൽ കാലാനുസൃതമായി വരുത്തേണ്ടുന്ന വാർഷിക വർദ്ധനവ്, പിഴപലിശ, മറ്റ് നിബന്ധനകൾ എന്നിവ നിയമാവലിയുടെ അഭാവത്താൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-5 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് തുകയായ 1,93,721/-രൂപ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല.

## 2-6 ഡി .ആന്റ്.ഒ.ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 20 | 1 | 199 | - | 220 |

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2017-18 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 99.5%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

## 2-7 <u>ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.</u>

ഡി.&ഒ. ലൈസൻസ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.14/19-01-2019)

(1) വിറ്റുവരവ് അടിസ്ഥാനപ്പെടുത്തിയോ യന്ത്രത്തിന്റെ കുതിരശക്തി

അടിസ്ഥാനപ്പെടുത്തിയോ ആയിരിക്കണം ലൈസൻസ് ഫീ ഈടാക്കേണ്ടത് (1996 ലെ ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടം കാണുക) എന്നാൽ താഴെകൊടുത്തിരിക്കുന്ന അപേക്ഷകളിൻ മേൽ നിബന്ധന പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

i)ശങ്കരനാരായണ, കെ, s/o. തിരുമലേശ്വര ഭട്ട് എന്ന കച്ചവടക്കാരന്റെ ഓയിൽ മിൽ &ഫ്ലോർ മിൽ നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 15 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 200 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 200 രൂപ ഈടാക്കിയിട്ടില്ല.

ii)സീതാരാമ ഷെട്ടി s/o. ബാലകൃഷ്ണറായ് എന്ന കച്ചവടക്കാരന്റെ ഓയിൽ മിൽ &ഫ്ലോർ മിൽ നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 10 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

iii)പത്മനാഭ s/o. നാരായണ എന്ന കച്ചവടക്കാരന്റെ പെട്രോൾപമ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

iv)ആന്റണി റാഫേൽ എന്ന കച്ചവടക്കാരന്റെ സ്റ്റോൺക്രഷർ,സിമന്റ് ടൈയ്സ്,ഹോളോബ്രിക്സ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 205 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 2000 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 2000 രൂപ ഈടാക്കിയിട്ടില്ല.

v)കെ.സച്ചിദാന്ദറായി s/o. ബാബുറായി എന്ന കച്ചവടക്കാരന്റെ മെറ്റൽവർക്ക് & വെൽഡിംങ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

vi)അബൂബക്കർ സിദ്ധിഖ് എം.എസ് s/o. സുലൈമാൻ എ.എം എന്ന കച്ചവടക്കാരന്റെ വുഡ് ഇന്റസ്ടീസ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 50.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 1,000 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 500 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളു.500 രൂപ ഈടാക്കിയിട്ടില്ല.

vii)അബൂബക്കർ സിദ്ധിഖ് s/o. മുഹമ്മദ് എന്ന കച്ചവടക്കാരന്റെ ഹോളോബ്രിക്സ് നടത്താൻ

വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

viii)ഷാജി.ടി.പി എന്ന കച്ചവടക്കാരന്റെ മാനുഫാക്ച്ച്യറിംങ് സോഡ & സോഫ്റ്റ് ഡ്രിങ്ക്സ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

ix)ഐറിൻ ഡിസൂസ s/o. ജോക്കിൻ ഡിസൂസ എന്ന കച്ചവടക്കാരന്റെ ഗ്രിൽ & ഗേയ്റ്റ് മാനുഫാക്ച്ച്യറിംങ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 6 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല. കുറവ് വന്ന തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്. (19-01-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് മറുപടി ഹാജരാക്കിയിട്ടില്ല )

2)2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച ഡി. ആന്റ് ഒ. ലൈസൻസ് ഫീ അപേക്ഷകളിൽ മിക്ക അപേക്ഷകളിലും അപേക്ഷകർ കച്ചവടസ്ഥാപനത്തിൽ നിന്നും ഒരു ദിവസത്തെ വിറ്റു വരവ് തുക രേഖപ്പെടുത്താതെയാണ് മിക്കഅപേക്ഷകൾ സ്വീകരിച്ച് വന്നിട്ടുള്ളത്. അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷകളിലെ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കേണ്ടത് എന്നാൽ ഇത്തരത്തിൽ വിറ്റു വരവ് രേഖപ്പെടുത്താതെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതുവഴി യഥാർത്ഥത്തിൽ ലഭിക്കാവുന്ന ലൈസൻസ് ഫീസിനത്തിൽ കുറവ് സംഭവിക്കുവാൻ സാധ്യതയുണ്ട്. തുടർന്നങ്ങോട്ട് ഡി.ആന്റ് ഒ. ലൈസൻസ് ഫീ അപേക്ഷകൾ സ്വീക്കരിക്കുമ്പോൾ ഇക്കാര്യത്തിൽ ശ്രദ്ധപ്പതിപ്പിക്കേണ്ടതാണ്.

3)ഡി.&ഒ.ലൈസൻസ് അപേക്ഷകൾ അപൂർണ്ണം:2017-18വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിച്ച അപേക്ഷകൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ എന്ന് പരിശോധനയിൽ കാണുകയുണ്ടായി. ഡി.&ഒ. ലൈസൻസ് ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും, ലൈസൻസ് ആവശ്യമായ കെട്ടിടത്തെ/സ്ഥലത്തെയും സംബന്ധിച്ച് ഉണ്ടായിരിക്കേണ്ട 19അടിസ്ഥാന വിവരങ്ങൾ, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി.&ഒ. ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യുന്നത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനു ലഭിച്ച മിക്കഅപേക്ഷയിലും അന്വേഷണ ഉദ്യോസ്ഥന്റെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഭാവിയിൽ ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന അക്ഷയ സെന്റർ പൈവളികെ അക്ഷയ സെന്റർ ബായാർപതസ് എന്നീ അക്ഷയ സെന്ററുകളിൽ നിന്നും ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കാത്തയായി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. ലൈസൻസ് ഫീ ഈടാക്കി ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5)സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ലൈസൻസ് നൽകിയത്

സർക്കാറിന്റെ 16.3.2007ലെ ജി.ഒ. (പി.)795/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം സ്ഥലനാമം രേഖപ്പെടുത്തുകയോ, പ്ളാസ്റ്റിക്ക് ഉപയോഗം സംബന്ധിച്ച സംസ്ഥാന മലിനീകരണബോർഡിന്റെ വ്യവസ്ഥകൾ പാലിക്കുമെന്ന സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്യാതെയാണ് ഡി.&ഒ. അപേക്ഷകളിൻ മേൽ ലൈസൻസുകൾ നൽകിയിട്ടുള്ളത് ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6)ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഡി.ആന്റ് ഒ. ലൈസൻസ് ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ ഡിമാന്റ് 61,660/-രൂപയാണ്. എന്നാൽ ഡി.ആന്റ്ഒ. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് 57,160/-രൂപയാണ്. 4,500/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി - പൊതു അപാകതകൾ

1) ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ/റിട്ടേൺസ് പരിശോധിച്ചതിൽ താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.7/17-01-2019)

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി കാലയളവ് | വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ഹമീദ്,<br>ഡ്രൈവർ | പൈവളികെ ഗ്രാമ പഞ്ചായത്ത് | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 2 | ജീവൻ.ജെ.എസ്,<br>ടെക്നിക്കൽ അസിസ്റ്റന്റ് | പൈവളികെ ഗ്രാമ പഞ്ചായത്ത് | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 3 | ഡോ.അശ്വതിഗോപാൽ,<br>മെഡിക്കൽ ഓഫീസർ | പി.എച്ച്.സി. ബായാർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |
| 4 | നാരായണൻ.കെ,<br>ഹോസ്പിറ്റൽ അറ്റൻണ്ടന്റ് | പി.എച്ച്.സി, ബായാർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 5 | സുലൈഖ.ജെ,<br>ജെ.പി.എച്ച്.എൻ, | പി.എച്ച്.സി. ബായാർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം |

| | | | | |
|---|---|---|---|---|
| | ഗ്രേഡ് 11 | | | അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |
| 6 | ഡോ.മിഥുൻ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജീവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 7 | വേണുഗോപാലൻ.ടി.വി,<br>പി.ടി.എസ് | വെറ്ററിനറി ഡിസ്പെൻസറി | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജീവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 8 | അജിത. എൽ,<br>ജൂനിയർഅറബിക് ടീച്ചർ | ജി.എച്ച്.എസ്എസ്, പൈവളിക നഗർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജീവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽനികുതിഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |
| 9 | പ്രഷോബ്.എം,<br>ഓഫീസ് അറ്റൻണ്ടന്റ് | ജി.എച്ച്.എസ്.എസ്. പൈവളിക നഗർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജീവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ്രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| 10 | ഉദയ.കെ,<br>എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് | ജി.എച്ച്.എസ്.എസ്, പൈവളികെ (HS) | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |
| 11 | മഹേഷ് കെ,<br>പി. ഇ. ടി. | ജി.എച്ച്.എസ്.എസ്, പൈവളികെ (HS) | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 12 | ഹരീഷ് കുമാർ.ബി,<br>എച്ച്. എസ്. എ. | ജി.എച്ച്.എസ്.എസ്, പൈവളികെ (HS) | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 13 | അനിൽ കുമാർ. കെ,<br>ഡ്രോയിംങ് ടീച്ചർ | ജി.എച്ച്.എസ്.എസ്, പൈവളികെ (HS) | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 14 | സുധ.പി. | ജി.എച്ച്.എസ്.എസ്, പൈവളികെ (HSS) | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |

| | | | | |
|---|---|---|---|---|
| 15 | ചന്ദ്രശേഖര. പി, ബ്രഞ്ച് മാനേജർ | ബായാർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരൻ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല |
| 16 | ഉമാദേവി, ടി. ജി.ടി. | പ്രശാന്തി വിദ്യാ കേന്ദ്ര, ബായാർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |
| 17 | ഭാവന ശങ്കരി.വി.ആർ, പി.ആർ.ടി. | പ്രശാന്തി വിദ്യാ കേന്ദ്ര, ബായാർ | രണ്ടാം അർദ്ധവർഷം | പ്രസ്തുത ജിവനക്കാരി ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് . എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഡിമാന്റ് രജിസ്റ്ററിലും,റിട്ടേൺസിലും ലഭ്യമല്ല . |

മേൽ പട്ടികയിൽ പരാമർശിച്ച ജീവനക്കാർ മറ്റ് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നികുതി അടവാക്കിയിരുന്നുവെന്ന് തൊഴിൽ നികുതി പത്രികയിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാർ നികുതി അടവാക്കിയിട്ടുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>2)സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2017-18 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, കാംകോ ലിമിറ്റഡ് ബായാർ, പൈവളികെ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്. മേൽ സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3)അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ(i)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച്കൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ അഞ്ച് അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1)അഞ്ഞുഞ്ഞിഹാജി, 2)മുഹമ്മദ് ഹനീഫ്, 3)ഹമീദ്, 4)അബ്ദുള്ളബിയാരി, 5)സലീം.കെ എന്നീ പി.ഡബ്ല്യു.ഡി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

4)ട്രാഡേഴ്സ് തൊഴിൽ നികുതി - നികുതിയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല

ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽ/ട്രേഡേഴ്സ് എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ ഡിമാന്റ് 1,41,790/-രൂപയാണ്. ഇത് സംബന്ധിച്ച കച്ചവടക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതിയുടെ ഡിമാൻഡ്,കലക്ഷൻ,ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കിട്ടില്ല. നികുതി സംബന്ധിച്ച ഡിമാൻഡ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-9 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന, ആക്ടിലെ 207 വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്കിനും ജലവിതരണത്തിനും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ നടപടി കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## 2-10 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ്

**സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.**

പൈവളകെ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട 1,05,654/- രൂപ (45പ്രവൃത്തികൾ) തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ്) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. 2014-15 വർഷം മുതൽ ഈയിനത്തിൽ ലഭ്യമാവേണ്ട തുകകൾ നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രസ്തുത തുകകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 1.3 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധനസഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 6.65 കോടി രൂപ (₹ 6,65,19,941/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 5.35 കോടി രൂപ (₹ 5,35,48,465/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 1.3 കോടി രൂപ (₹ 1,29,71,476/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 19.5% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത്. (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക (₹) | വിനിയോഗിച്ച തുക (₹) | ലാപ്സായ തുക (₹) | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,13,02,000 | 1,95,65,811 | 17,36,189 | 91.84% |
| വികസനഫണ്ട് എസ്.സി.പി | 44,28,294 | 27,07,778 | 17,20,516 | 61.14% |
| വികസഫണ്ട് ടി.എസ്.പി | 60,77,530 | 40,43,720 | 20,33,810 | 66.53% |
| ധനകാര്യ കമ്മീഷൻ | 1,52,85,849 | 1,03,71,874 | 49,13,975 | 67.85% |

| | | | | |
|---|---|---|---|---|
| ഗ്രാന്റ് | | | | |
| പെർഫോമൻസ് ഗ്രാന്റ് | 46,46,268 | 38,71,449 | 7,74,819 | 83.32% |
| സംരക്ഷണഗ്രാന്റ് -റോഡ് | 1,00,23,000 | 92,99,741 | 7,23,259 | 92.78% |
| സംരക്ഷണ ഗ്രാന്റ്- നോൺറോഡ് | 47,57,000 | 36,88,092 | 10,68,908 | 77.52% |
| ആകെ | 6,65,19,941 | 5,35,48,465 | 1,29,71,476 | 80.50% |

2017-18 സാമ്പത്തിക വർഷം ആകെ 302 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 189 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 62.58% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 226പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 128 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 48.4% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരായ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 63.08% മാത്രമാണ് ചെലവഴിച്ചത്, അതുപോലെ കൃഷി ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 44.02% മാത്രമാണ് ചെലവഴിച്ചത്, വെറ്ററിനറി സർജ്ജൻ വകയിരുത്തിയ തുകയുടെ 57.4% മാത്രമാണ് ചെലവഴിച്ചത്. മേൽ പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ കുറഞ്ഞ ചെലവു ശതമാനം ഭരണ സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-2 ഇ.ഇം.എസ് ഭവന പദ്ധതി വായ്പാ തിരിച്ചടയ്ക്കുന്നതിൽ കാലതാമസം.സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ നഷ്ടം -

ഇ.എം.എസ്.ഭവന പദ്ധതി വായ്പാ തുകയുടെ പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ഉപ്പള ശാഖയിൽ നിന്നുമാണ് ഗ്രാമ പഞ്ചായത്ത് വായ്പ എടുത്തിട്ടുള്ളത്. ഇ .എം. എസ്. ഭവന പദ്ധതി വായ്പാ തിരിച്ചടവിനായി ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ വായ്പാ ലഭ്യമാക്കിയിട്ടുള്ള ബാങ്കിൽ തന്നെയുള്ള മറ്റൊരു അക്കൗണ്ടിൽ(ഇ.എം.എസ്.ഭവന പദ്ധതിയ്ക്കായി നേരത്തെ ആരംഭിച്ചിരുന്ന അക്കൗണ്ട്) നിക്ഷേപിച്ച് മാസങ്ങൾക്ക് ശേഷം ലോൺ അക്കൗണ്ടിലോയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് ഗ്രാമ പഞ്ചായത്തിൽ തുടർന്നുവരുന്നത്. 2017-18, 2018-19 തുടങ്ങിയ സാമ്പത്തിക വർഷങ്ങളിലെല്ലാം തന്നെ ഈ രീതിയിലാണ് വായ്പാ തുക തിരികെ ഒടുക്കിയിട്ടുള്ളത്. 2017-18 വർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച് 11-08-2017 ന് പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ച 9,71,900 രൂപ 05-01-2018നാണ് (146 ദിവസങ്ങൾക്ക് ശേഷം) ലോൺ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത്. അതുപോലെ 2018-19 വർഷം 22-06-2018ന് ട്രഷറിയിൽ നിന്നും പിൻവലിച്ച 17,01,453 രൂപ 17-09-2018 ന് മാത്രമാണ് ലോൺ അക്കൗണ്ടിലേയ്ക്ക് (86 ദിവസങ്ങൾക്ക് ശേഷം) ട്രാൻസ്ഫർ ചെയ്തത്. നിലവിൽ പത്ത് ശതമാനം നിരക്കിലാണ് സംസ്ഥാന സർക്കാർ പ്രസ്തുത വായ്പയ്ക്ക് പലിശ ഒടുക്കുന്നത്. ബാങ്ക് അധികൃതർ നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18വർഷം 2,57,008/-രൂപയും, 2018-19വർഷം 30-09-2018 വരെ 85,306/-രൂപയുമാണ് പലിശയിനത്തിൽ കണക്കാക്കിയിട്ടുള്ളത്. വായ്പ ഒടുക്കുന്നതിനായി ട്രഷറിയിൽ നിന്നും, പിൻവലിച്ച തുക യഥാസമയം ലോൺ അക്കൗണ്ടിൽ ഒടുക്കിയിരുന്നെങ്കിൽ മേൽകണക്കാക്കിയ പലിശ തുക ഗണ്യമായി കുറയുമായിരുന്നു. വായ്പ തുക യഥാസമയം ലോൺ അക്കൗണ്ടിൽ ഒടുക്കാത്തത് മൂലം സർക്കാരിന് അധികമായി ഉണ്ടായ ബാധ്യത ചുവടെ ചേർക്കുന്നു.

| വർഷം | തുക | ട്രഷറിയിൽ നിന്നും പിൻവലിച്ച തിയതി | ലോൺ അക്കൗണ്ടിൽ നിക്ഷേപിച്ച തിയതി | ലോൺ അക്കൗണ്ടിൽ നിക്ഷേപി ക്കുന്നതിൽ വന്ന കാലതാമസം | പലിശയിനത്തിൽ സർക്കാരിനുണ്ടായ ബാധ്യത |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2017-18 (പ്രൊ.നം. 18/17-18) | ₹9,71,900/ (ബിൽ.നം 8/11.8.2017) | 11.8.2017 | 05.01.2018 | 146 ദിവസം | ₹38,876/-(10% വാർഷിക നിരക്കിൽ) |
| 2018-19 (പ്രൊ.നം. 135/18-19) | ₹17,01,453/- (ബിൽ.നം 4/22-6-2018) | 22.6.2018 | 17.09.2018 | 86 ദിവസം | ₹40,089/- (10%വാർഷിക നിരക്കിൽ) |

പരാമർശിത കാലയളവിൽ വായ്പ തിരിച്ചടവിനുവേണ്ടിയുള്ള പ്രൊജക്ട് നടപ്പാക്കിയതും തുക പിൻവലിച്ചതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്. ഇക്കാര്യം പരിശോധിച്ച് വായ്പാ തിരിച്ചടവിനായി പിൻവലിച്ച് കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച മേൽ തുകകൾക്ക് മേൽ കാലയളവിൽ ലഭിച്ച എസ്.ബി.പലിശ കണക്കാക്കി ലോൺ അക്കൗണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. മേൽ പട്ടികയിൽ കോളം 6 ൽ

പരാമർശിച്ച പലിശ തുകയിൽ അവശേഷിച്ച തുക കണക്കാക്കി പരാമർശിത കാലയളവുകളിലെ ഉത്തരവാദപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും തുക തുല്യമായി ഈടാക്കി ലോൺ അക്കൗണ്ടിൽ പലിശയനത്തിൽ ഒടുക്കേണ്ടതാണ്. പലിശ ഒടുക്കിയ വിവരം കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിനെ അറിയിക്കേണ്ടതാണ്. കൂടാതെ ബാങ്ക് അധികൃതർ വായ്പാ പലിശ കണക്കാക്കിയത് പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ വായ്പതിരിച്ചടവിനായി 2017-18 വർഷം വിനിയോഗിച്ച 9,71,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ -പ്രയോജനരഹിതമായി 17.19ലക്ഷം

1)പ്ലാൻ ഇംപ്രസ്റ്റ് അക്കൗണ്ടിൽ നിഷ്ക്രയമായി സ്ഥിതി ചെയ്യുന്നത് 9.90ലക്ഷം രൂപ

സിൻഡിക്കേറ്റ് ബാങ്ക് ഉപ്പള ശാഖയിൽ നിലവിലുള്ള പ്ലാൻ ഇംപ്രസ്റ്റ് അക്കൗണ്ടിൽ (അക്കൗണ്ട്.നം.42302200033415) 31-03-2018 ൽ ₹ 9,90,698 നീക്കിയിരിപ്പുണ്ട്. നിലവിൽ ട്രഷറി ഇടപാടുകൾ ഓൺലൈനായി നടക്കുന്നതിനാൽ ഇത്തരം ഒരു അക്കൗണ്ടിന്റെ ആവശ്യം ഇല്ല. പ്രസ്തുത അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ, വ്യക്തികൾക്കോ നൽകേണ്ട തുകകൾ ഉണ്ടെങ്കിൽ ആയവ കണക്കാക്കി ബാധ്യത തീർപ്പാക്കിയ ശേഷം ബാക്കി തുക സർക്കാർ അനുമതിയോടെ ലൈഫ് പദ്ധതിയ്ക്കോ മറ്റിതര പദ്ധതികൾക്കോ വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2)ഇ.എം.എസ്. ഭവന പദ്ധതി അക്കൗണ്ടിൽ നിഷ്ക്രയമായി സ്ഥിതി ചെയ്യുന്നത് 7.21ലക്ഷം രൂപ

കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ഉപ്പള ശാഖയിൽ നിലവിലുള്ള ഇ.എം.എസ്. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ (അക്കൗണ്ട്.നം.150021201000025) 29-09-2018 ൽ ₹ 7,21,755/- നീക്കിയിരിപ്പുണ്ട്. നിലവിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ ഇത്തരം ഒരു അക്കൗണ്ടിന്റെ ആവശ്യം ഗ്രാമ പഞ്ചായത്തിനില്ല. പ്രസ്തുത അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ, വ്യക്തികൾക്കോ നൽകേണ്ട തുകകൾ ഉണ്ടെങ്കിൽ ആയവ കണക്കാക്കി ബാധ്യത തീർപ്പാക്കിയ ശേഷം ബാക്കി തുക സർക്കാർ അനുമതിയോടെ ലൈഫ് പദ്ധതിയ്ക്കായി വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) പൈവളികെ ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകൾ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷവും നാമമാത്ര തുകകളുമായി തുടരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിലവിൽ ഇടപാടുകൾ നടത്തുന്നില്ലെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ ഉൾപ്പെടുത്തേണ്ട അവസ്ഥയാണുള്ളത് . ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത ബാങ്ക്

അക്കൗണ്ടുകളിലെ നിലവിലെ നീക്കിയിരിപ്പ് തുകകൾ പരിശോധിച്ച് സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ ഒടുക്കേണ്ട തുകകൾ ഉണ്ടെങ്കിൽ ആയവ കണക്കാക്കി ബാധ്യത തീർപ്പാക്കിയ ശേഷം ബാക്കി തുക പഞ്ചായത്ത് തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതും അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതുമാണ്. 31-03-2018 ൽ പ്രസ്തുത അക്കൗണ്ടുകളിലുള്ള നീക്കിയിരിപ്പ് തുക ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31-03-2018 ലെ നീക്കിയിരിപ്പ് |
|---|---|---|
| --00097867 | സിൻഡിക്കേറ്റ് ബാങ്ക് | ₹112 |
| 3230 | ബായാർ എസ്.സി.ബി | ₹6,065 |
| 2744 | പൈവളികെ എസ്.സി.ബി | ₹1,853 |

ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-4 ജലനിധി - നിഷ്ഫലമായ പദ്ധതി - ജലലഭ്യത ഇപ്പോഴും 'മരീചിക'

ഗ്രാമീണ മേഖലയിൽ കുടിവെള്ളവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ജലസേചന വകുപ്പിന് കീഴിൽ കേരള സർക്കാർ രൂപം നൽകിയിട്ടുള്ള സ്വയം ഭരണ ഏജൻസിയായ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി (KRWSA) വഴി കുടിവെള്ളം, ശുചിത്വം, ആരോഗ്യം, ജലസുരക്ഷ എന്നീ ഘടകങ്ങൾ കൂട്ടിയിണക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലനിധി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ സജ്ജമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സാധാരണ കുടിവെള്ള പദ്ധതികളിൽ നിന്നും വിഭിന്നമായി പ്രവർത്തനക്ഷമമായിത്തീരുന്ന പദ്ധതികളുടെ ഉടമസ്ഥതയും പരിപാലനവും ഗ്രാമ പഞ്ചായത്തുകൾക്കും ഗുണഭോക്തൃ സമിതികൾക്കും സ്വന്തമാകുന്ന രീതിയിലാണ് ജലനിധിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതി ചെലവിന്റെ 75% സർക്കാരും, 15% ഗ്രാമ പഞ്ചായത്തും, 10% ഗുണഭോക്തൃ സമിതിയുമാണ് വഹിക്കുന്നത്.

പൈവളികെ ഗ്രാമ പഞ്ചായത്ത് ജലനിധി രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ടതാണ്. പദ്ധതി പ്രവർത്തനങ്ങൾ 2013 ജനുവരി മാസമാണ് ആരംഭിച്ചത്. പദ്ധതി 2018 മാർച്ചിൽ പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും നാളിതുവരെയായിട്ടും (ജനുവരി 2019) ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണ്.

പദ്ധതിയുടെ കീഴിൽ 12 കുടിവെള്ള പദ്ധതികളാണുള്ളത്. പൈവളികെ ഗ്രാമ പഞ്ചായത്ത് ജലനിധി പദ്ധതി ടീം ലീഡർ നൽകിയ നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകളും നിലവിലെ സ്ഥിതിയും (സ്റ്റാറ്റസ്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ഗുണഭോക്താക്കൾ | വരവ്(₹) | ചെലവ് (₹) | ജലത്തിന്റെ ഉറവിടം | പൂർത്തീകരണ ഘട്ടം | സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ചിപ്പാർപദവ് | 74 | 27,45,394 | 27,45,394 | ബോർവെൽ | സമിതിക്ക് കൈമാറി | ജലലഭ്യത ഉണ്ട് |
| 2 | ഗാളിയടുക്ക | 111 | 31,98,726 | 31,98,726 | ബോർവെൽ | സമിതിക്ക് കൈമാറി | ജലലഭ്യത ഉണ്ട് |
| 3 | കുടാൽ-മെർക്കള | 157 | 90,37,568 | 90,37,568 | കിണർ | സമിതിക്ക് കൈമാറി | ഭാഗികമായ ജലലഭ്യത |
| 4 | പരപ്പിൽ | 43 | 19,07,167 | 19,07,167 | ബോർവെൽ | സമിതിക്ക് കൈമാറി | ഭാഗികമായ ജലലഭ്യത |
| 5 | പെർമുദെ | 335 | 1,30,20,194 | 1,30,20,200 | കിണർ | പൂർത്തീകരിച്ചു | ജലലഭ്യത കുറവാണ് |
| 6 | പെരുവോടി | 47 | 18,32,843 | 18,32,843 | ബോർവെൽ | സമിതിക്ക് കൈമാറി | ജലലഭ്യത കുറവാണ് |
| 7 | പൊന്നെങ്കള | 50 | 18,84,769 | 18,84,769 | ബോർവെൽ | സമിതിക്ക് കൈമാറി | ഭാഗികമായ ജലലഭ്യത |
| 8 | ബേരിപദവ് | 93 | 45,38,099 | 45,73,820 | ബോർവെൽ, കിണർ | പൂർത്തീകരിച്ചില്ല | ജലലഭ്യത വളരെ കുറവ് |
| 9 | കുരുടപ്പദവ് | 350 | 1,58,35,225 | 1,56,46,597 | ബോർവെൽ, കിണർ | പൂർത്തീകരിച്ചില്ല | ജലലഭ്യത വളരെ കുറവ് |
| 10 | ബദിയാർ | 145 | 82,97,911 | 78,01,922 | കിണർ | പൂർത്തീകരിച്ചില്ല | ജലലഭ്യത കുറവ് |
| 11 | പൈവളികെ | 784 | 3,06,31,847 | 3,07,17,086 | കിണർ | പൂർത്തീകരിച്ചില്ല | ജലലഭ്യത വളരെ കുറവ് |
| 12 | പൊസടിഗുമ്പെ | 185 | 98,53,345 | 98,65,953 | ബോർവെൽ, കിണർ | പൂർത്തീകരിച്ചില്ല | ജലലഭ്യത വളരെ കുറവ് |
| | | 2,372 | 10,27,83,088 | 10,22,32,045 | | | |

മേൽ സൂചിപ്പിച്ച 12 കുടിവെള്ള പദ്ധതികളിൽ ചിപ്പാർപദവ് പദ്ധതി തൃപ്തികരമായി നടക്കുന്നുവെന്നും ഗാളിയടുക്ക,പൊന്നെങ്കള എന്നീ പദ്ധതികൾ ശരാശരി നിലയിലും മറ്റ്

പദ്ധതികൾ കാര്യക്ഷമമല്ലെന്നുമാണ് ഭരണസമിതി അറിയിച്ചത്. പല ഭാഗത്തും സ്ഥാപിച്ച ജലവിതരണ പൈപ്പുകൾ പൊട്ടി ജലവിതരണം മുടങ്ങുന്നത് പതിവാണെന്നും , ഭൂരിഭാഗം പദ്ധതികളുടെയും ഉറവിടങ്ങളിൽ ജലലഭ്യതയില്ലെന്നും അറിയിക്കുകയുണ്ടായി. പത്ത് കോടി രൂപയിലധികം പദ്ധതിക്കായി ചെലവഴിച്ചുവെങ്കിലും ഏകദേശം ഇരുന്നൂറോളം ഗുണഭോക്താക്കൾക്ക് മാത്രമേ ഇതിന്റെ ഗുണഫലം ലഭിക്കുന്നുള്ളൂവെന്നാണ് അറിയുവാൻ കഴിഞ്ഞത്.

നിലവിലുള്ള സപ്പോർട്ടിങ് ഓർഗനൈസേഷന്റെ വിലയിരുത്തലിൽ പല പദ്ധതികളുടെയും ഉറവിടങ്ങൾ നവീകരിക്കുകയോ, പുതിയവ കണ്ടെത്തുകയോ ചെയ്തെങ്കിൽ മാത്രമേ പദ്ധതി ഉപകാരപ്പെടുകയുള്ളൂ. പദ്ധതി മാർച്ച് 2018 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു എങ്കിലും പ്രവർത്തനങ്ങൾ എങ്ങുമെത്തിയിട്ടില്ല എന്ന് കാണാം. കൂടാതെ പദ്ധതികളുടെ എസ്റ്റിമേറ്റ് തുടർന്നും പുതുക്കുന്നതായി കാണാം. മാർച്ച് 31 വരെ സപ്പോർട്ടിങ് ഓർഗനൈസേഷന്റെ കാലാവധി പുതുക്കിയിട്ടുണ്ടെന്നാണ് ജലനിധി ടീം ലീഡർ അറിയിച്ചിട്ടുള്ളത്. കുരുടപദവ്, ബദിയാർ പദ്ധതികൾക്കായി മാത്രമേ പുതിയ സോഴ്സുകൾ (ഉറവിടങ്ങൾ) കണ്ടെത്തിയിട്ടുള്ളൂവെന്നും, മറ്റ് പദ്ധതി പ്രദേശങ്ങളിലെല്ലാം നിലവിലുണ്ടായിരുന്ന ഉറവിടങ്ങൾ നിലനിർത്തിയോ / നവീകരിച്ചോ ആണ് പദ്ധതിക്ക് ഉപയോഗിച്ചതെന്നാണ് ജലനിധി ടീം അറിയിച്ചത് (ഓഡിറ്റ് എൻക്വയറി - 20 (തിയതി-21.01.2019)). എല്ലാ പദ്ധതികളുടെയും സ്രോതസ്സുകളിലെ ജലലഭ്യതയെക്കുറിച്ച് നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ ആരാഞ്ഞുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ വെള്ളം ലഭിക്കാത്തതിന്റെ പേരിലും ജലലഭ്യത ഇല്ലാത്തതിന്റെ പേരിലും ഗുണഭോക്താക്കളിൽ നിന്നും ധാരാളം പരാതികൾ ലഭിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ജലനിധിയുമായി ബന്ധപ്പെട്ട ഭൂരിഭാഗം പദ്ധതികളുടെയും ഉറവിടം ബോർവെൽ ആണെന്ന് കാണാം. കൂടാതെ ഗുണഭോക്താക്കളുടെ എണ്ണം കുറവായിട്ടുള്ള പദ്ധതികൾ കൂടുതൽ ഗുണപരമാണെന്നും കാണാം. ഗുണഭോക്താക്കളുടെ എണ്ണം കൂടുതലായിട്ടുള്ള പദ്ധതികളിൽ,പദ്ധതി പ്രദേശത്തിനുള്ളിൽ തന്നെ കൂടുതൽ സോഴ്സുകൾ കണ്ടെത്താൻ ശ്രമിക്കാവുന്നതും അവയെ പദ്ധതിയുമായി എളുപ്പത്തിൽ കൂട്ടിയിണക്കുവാൻ കഴിയുന്നതുമാണ്.പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ GWR (Ground water recharging) പ്രവർത്തികൾ മികവോടും കാര്യക്ഷമതയോടെയും നിർവഹിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകളായ സുവർണ്ണ, ഉപ്പള എന്നീ നദികളേയും ബായിക്കട്ട, പെർമുദെ, പൈവളികെ എന്നീ ജലാശയങ്ങളേയും എങ്ങനെ കൂടുതൽ പ്രയോജനകരമായി വിനിയോഗിക്കാമെന്നുള്ളതും പരിഗണനീയമായ വിഷയമാണ്.

## 3-5 തെരുവ് വിളക്ക് പുനരുദ്ധാരണം-പദ്ധതി നടത്തിപ്പ്,നിർവഹണം,മേൽനോട്ടം എന്നിവയിലെ അപാകതകൾ

പദ്ധതി നം -137/2018, ഫണ്ട് - വികസന ഫണ്ട് (ജ), തുക - ₹ 4,99,260/-

ബിൽ നം - 33/17-18/28.03.2018, (BRN:1337363/27.03.2018)

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2017-18 വർഷത്തിൽ നിർവഹണം നടത്തിയ

തെരുവ് വിളക്ക് പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്ത് തെരുവ് വിളക്കുകളായി നിലവിൽ പ്രവർത്തിക്കുന്ന ഓർഡിനറി ലാമ്പുകൾ, സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പ്, മെർക്കുറി ലാമ്പ്, സിംഗിൾ ട്യൂബ് സെറ്റ്, ഡബിൾ ട്യൂബ് സെറ്റ് തുടങ്ങിയവ മാറ്റി, പുതിയ 24 Watts എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ച്, പഞ്ചായത്തിലെ തെരുവ് വിളക്ക് ശൃംഖല, വർഷത്തിൽ ഒരു ദിവസം പോലും മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ / സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുകയുണ്ടായി (ടെണ്ടർ നോട്ടീസ് നം. - എ1/137/2018 തിയതി 17.01.2018). പ്രവൃത്തി ഏറ്റെടുക്കുന്നവർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും, സദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പിന്റെ 15.09.2011 ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം സ്വന്തം ഉത്തരവാദിത്വത്തിൽ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണെന്നും നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ അടങ്കൽ തുക ₹5,00,000/- രൂപയും, EMD യായി ₹5,000/- രൂപയുമാണ് കണക്കാക്കിയിരുന്നത്. 22.02.2018 പകൽ 2.30 മണിക്കുള്ളിൽ ടെണ്ടർ സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത് (എന്നാൽ സപ്ലൈ ഓർഡർ, തുടർ നടപടി ക്രമങ്ങൾ എന്നിവ പ്രകാരം ഈ തിയതി യഥാർത്ഥത്തിൽ 22.01.2018 ആണെന്ന് കാണാം).

22.01.2018 ൽ നടന്ന ടെണ്ടർ പരിശോധനയിൽ, സമർപ്പിക്കപ്പെട്ട രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ മുഹമ്മദ് കുഞ്ഞി ( M/s. സീനിയർ ഇലക്ട്രിക്കൽസ്, നോർത്ത് കോട്ടച്ചേരി, കാഞ്ഞങ്ങാട് )സമർപ്പിച്ച ടെണ്ടർ തെരഞ്ഞെടുത്തു (ഒന്നാമത്തെ ഇനമായ 24W NOTION LED Street light(ISO Certified),2 വർഷം വാറന്റി,ഇൻസ്റ്റലേഷൻ ചാർജ്ജ്,പരിപാലന ചാർജ്ജ്, നികുതി ഉൾപ്പടെ ₹ 1,570/-). ഇത് 06.02.2018 ലെ 2(11) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണ്. സെക്രട്ടറിയുടെ 20.02.2018 ലെ എ1/137/2018 കത്ത് പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട വിവരം M/s. സീനിയർ ഇലക്ട്രിക്കൽസിനെ ധരിപ്പിക്കുകയും, കത്ത് കിട്ടി മൂന്ന് ദിവസത്തിനകം അടങ്കൽ തുകയുടെ 10% (₹ 50,000/-) സെക്യൂരിറ്റി നിക്ഷേപം അടച്ച്, ₹ 200/- ന്റെ മുദ്രപത്രത്തിൽ കരാർ വെക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 26.02.2018 ലെ 03/2018 നമ്പറായി M/s. സീനിയർ ഇലക്ട്രിക്കൽസുമായി കരാർ വച്ചു. ഇത് പ്രകാരം സർക്കുലർ നം. 3055/ ഡി.എ3 /2011/ത.സ്വ.ഭ.വ. /15.09.2011 ലെ (തെരുവ് വിളക്കുകളുടെ പരിപാലനം- റിപ്പയറും മെയിന്റനൻസും- ടെണ്ടറിങ്ങിലൂടെ നടപ്പാക്കുന്നത് സംബന്ധിച്ച്) വ്യവസ്ഥകൾ പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഗവ.പോളി ടെക്നിക് കോളേജ് , പെരിയ, കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്നുള്ള അഞ്ച് 24W LED Street light കളുടെ (OSRAM make) 22.02.2018ലെ ടെസ്റ്റ് സർട്ടിഫിക്കേറ്റ് പ്രകാരം ഇവയുടെ പവർ, വോൾട്ടേജ്, കറന്റ് റേറ്റിംഗുകൾ തൃപ്തികരമാണെന്ന് കാണാം.

സെക്രട്ടറിയുടെ എ1/137/2018 തിയതി: 15.03.2018 നമ്പർ കത്ത് പ്രകാരം കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കരാറുകാരൻ 27.03.2018 ൽ സെക്രട്ടറിക്ക് നൽകിയ കത്ത് പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 318 LED Street light കൾ

സ്ഥാപിച്ചിട്ടുണ്ടെന്നും,അവ ബന്ധപ്പെട്ട മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. തുടർന്ന് ഇവയുടെ വിലയായി ₹ 4,99,260/- രൂപ (318 x 1,570) കരാറുകാരന് നൽകുകയും ചെയ്തു.

എന്നാൽ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2018 ലെ കത്ത് (സെക്രട്ടറിക്ക് നൽകിയത്) പ്രകാരം പഞ്ചായത്തിലെ പല ഭാഗത്തും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലായെന്നും, സ്ഥാപിച്ചവയിൽ പലതും പ്രവർത്തിക്കുന്നില്ലായെന്നും പൊതുജനങ്ങൾ പരാതിപ്പെടുന്നതായി സൂചിപ്പിക്കുന്നു. കൂടാതെ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി, സ്ഥാപിക്കാത്തവയുണ്ടെങ്കിൽ അവ സ്ഥാപിക്കുന്നതിനും, പ്രവർത്തിക്കാത്തവ പുന:സ്ഥാപിക്കുന്നതിനും കരാറുകാരന് കർശന നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയുടെ എ1/137/2018 തിയതി 20.06.2018 നമ്പർ കത്ത് പ്രകാരം കേട് വന്ന തെരുവ് വിളക്കുകൾ ഏഴ് ദിവസത്തിനകം മാറ്റി സ്ഥാപിച്ചില്ലായെങ്കിൽ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഓഡിറ്റ് കാലയളവിലും നടപടി ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. മാത്രമല്ല തെരുവ് വിളക്കുകൾ നാളിതുവരെയും പുന:സ്ഥാപിക്കുകയുമുണ്ടായില്ല. ഈ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 15 (തിയതി-19.01.2019) ന് മറുപടി നൽകിയില്ല.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റപാകതകൾ ചുവടെ ചേർക്കുന്നു.

1). വാർഡ് മെമ്പർമാരുടെ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട ഫയലിൽ ഉണ്ടായിരുന്നില്ല. എന്നാൽ മെമ്പർമാർ നൽകിയ ഒരു ലിസ്റ്റ് മാത്രമാണ് ഫയലിലുണ്ടായിരുന്നത്. (2017-18 വർഷത്തിൽ നിർവഹണം ചെയ്ത തെരുവ് വിളക്ക് പുനരുദ്ധാരണം നം.140/18 (SpillOver))എന്ന പദ്ധതിയോടൊപ്പം ആ പദ്ധതിയുമായി, (140/18) ബന്ധപ്പെട്ട് എവിടെയെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്നുള്ള മെമ്പർമാരുടെ സാക്ഷ്യപത്രം പദ്ധതിയുടെ ഫയലിനൊപ്പമുണ്ടായിരുന്നു.)

2). കരാറുകാരനിൽ നിന്നും കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി ₹ 50,000/- വാങ്ങേണ്ടതായിരുന്നു. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി - 15 (തിയതി-19.01.2019)) ലഭ്യമാക്കിയില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും, EMD എന്ന പേരിൽ രണ്ട് FD Receipt കൾ (by K. Mohammed Kunhi S/o. Moideen Kunhiയുടെ പേരിൽ, കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റേത് -) കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | FD Receipt No & dt. Of Issue | Sl.No. of FD Receipt | Amount | Period and Duration |
|---|---|---|---|---|
| 1 | 204/2017-18 /22.01.2018 | 32227 | ₹ 5,000/- | 6months (22.01.2018 to 22.07.2018) |
| 2 | 298/2017-2018/ 15.03.2018 | 32371 | ₹ 20,000/- | 01 year (15.03.2018 to 15.03.2019) |

3). തെരുവ് വിളക്കിന്റെ ടെസ്റ്റ് സർട്ടിഫിക്കറ്റിൽ 24W LED Street light OSRAM make എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപിച്ചവയിൽ NOTION ELECTRONICS,24W Street light, Model: LUMA, Powered by Osram എന്നാണ് കാണുന്നത്. അതിനാൽ പരിശോധനക്ക് നൽകിയ മോഡൽ Street light കളാണോ സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച സാക്ഷ്യപത്രവും പരിശോധനക്ക് നൽകിയില്ല.

4). തെരുവ് വിളക്കുകൾ സ്ഥാപിച്ച് ഒരാഴ്ചക്കുള്ളിൽ തന്നെ, അവയിൽ ഭൂരിഭാഗവും തകരാറിലായതാണ് വാർഡ് മെമ്പർ അറിയിച്ചത് (ഏതാനും പേർ ഇത് സംബന്ധിച്ച സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്). പരാതിയെ തുടർന്ന് ഏതാനം മാസങ്ങൾക്ക് ശേഷം അവ റിപ്പയർ ചെയ്യുന്നതിനായി അഴിച്ച് കൊണ്ടു പോയെന്നും നാളിതുവരെയും (01/2019), അവ സ്ഥാപിച്ചിട്ടില്ലായെന്നും അറിയിച്ചു (ഓഡിറ്റിനോട് അനുബന്ധിച്ച,സൈറ്റ് ഇൻസ്പെക്ഷൻ സമയത്ത് ഓഡിറ്റ് ടീമിന് ഇത് ബോധ്യപ്പെട്ടതാണ്).

തെരുവ് വിളക്കുകൾ സ്ഥാപിച്ചുവോ എന്ന് ഉറപ്പുവരുത്താതെയും, വേണ്ടത്ര സെക്യൂരിറ്റി ഡെപ്പോസിറ്റ്/ പെർഫോമൻസ് ഗ്യാരന്റി എന്നിവ കരുതാതെയും, സാമഗ്രികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താതെയും പദ്ധതി ചെലവ് മുന്നിൽ കണ്ട് നിർവഹണ ഉദ്യോഗസ്ഥൻ മുഴുവൻ തുകയും, കരാർ കാലാവധിയായ രണ്ട് വർഷം പൂർത്തിയാകുന്നതിന് മുമ്പെ തന്നെ കരാറുകാരന് കൈമാറുകയാണുണ്ടായത്. ഇക്കാരണങ്ങളാലും മുകളിൽ പരാമർശിച്ച അപാകതകൾ കൊണ്ടും ഈ പദ്ധതിക്കായി വിനിയോഗിച്ച ₹ 4,99,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തെരുവ് വിളക്കുകൾ എത്രയും വേഗം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ പ്രകാശിക്കാത്ത കാലയളവിന് അനുസൃതമായി കരാർ പുന:ക്രമീകരിക്കുകയോ അല്ലാത്തപക്ഷം നഷ്ട തുക, കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. കരാറനുസരിച്ച് എല്ലാ പ്രവൃത്തികളും/സേവനങ്ങളും കരാറുകാരൻ യഥാസമയം കാര്യക്ഷമതയോടെ നൽകുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 3-6 കുടിവെള്ള വിതരണം - അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ (എ2.1069/2017 തിയതി. 29.04.2017)ക്ഷണിക്കുകയുണ്ടായി. 08.05.2017 തിങ്കളാഴ്ച പകൽ 12 മണിക്കുള്ളിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണെന്നും, അന്നേ ദിവസം 2 മണിക്ക് അവ പരിശോധിക്കുന്നതാണെന്നും നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് കിലോമീറ്ററിന് 57/- രൂപ നിരക്കിൽ ക്വോട്ട് ചെയ്ത ശ്രീ.മാർഷൽ, S/o. ഹെൻട്രി ഡിസൂസ, മരിക്കെ ഹൗസ്, പൈവളികെ എന്നയാൾക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 09.05.2017 ലെ തീരുമാന പ്രകാരം, കുടിവെള്ള വിതരണത്തിന് അനുമതി നൽകുകയും ചെയ്തു. തുടർന്ന് പഞ്ചായത്ത് സെക്രട്ടറിയുമായി 09.05.2017 ന് കരാർ (നമ്പർ ചേർത്തിട്ടില്ല) വക്കുകയും ചെയ്തു.

11.05.2017 മുതൽ 31.05.2017 വരെ വിവിധ സ്ഥലങ്ങളിൽ ആറ് വാഹനങ്ങളിലായി

കുടിവെള്ളം വിതരണം നടത്തിയതിന് വൗച്ചർ നം 351/04.08.2017 പ്രകാരം ₹ 5,59,460/-, വൗച്ചർ നം. 427/04.09.2018 പ്രകാരം ₹ 21,153/- രൂപയും കൂടി ആകെ ₹ 5,80,613 രൂപ വിതരണക്കാരന് നൽകിയിട്ടുണ്ട്, ഇതിന്റെ ആദായനികുതിയായി ₹ 11,850/- രൂപ ഈടാക്കിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി KL -14L:2948, KL- 14 K:4087, KL-14 M:2199, KL-14 J:8903, KA-19 A:1083, KL -14 R:7363 എന്നീ വാഹനങ്ങളാണ് ഉപയോഗിച്ചത്.

കുടിവെള്ള വിതരണം എന്ന പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1).വിതരണക്കാരന് കൂടിയ നിരക്ക് അനുവദിച്ചത്

ബഹു. ജില്ലാ കളക്ടറുടെ നടപടി ക്രമത്തിൽ നിർദ്ദേശിച്ച പ്രകാരം 5000ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുമ്പോൾ കിലോമീറ്ററിന്, പരമാവധി 58/- രൂപ നിരക്കിൽ വിതരണക്കാരന് നൽകണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ 2000 ലിറ്റർ വെള്ളം കൊള്ളാവുന്നതും, ജി.പി.എസ്. ഘടിപ്പിച്ചതുമായ വാഹനങ്ങളിൽ വെള്ളം വിതരണം ചെയ്യുന്നതിനാണ് പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചത്. ഇത് വിതരണക്കാരന് സർക്കാർ നിർദ്ദേശിച്ചതിലും ഉയർന്ന നിരക്ക് അനുവദിക്കുന്നതിന് കാരണമായി.

2). കുറഞ്ഞ അളവിൽ വിതരണം ചെയ്ത ട്രിപ്പിനും കരാർ പ്രകാരമുള്ള നിരക്ക് നൽകി

വിതരണക്കാരനും പഞ്ചായത്ത് സെക്രട്ടറിയുമായുള്ള കരാർ പ്രകാരം ( 11 -ാമത് വ്യവസ്ഥ) 2000 ലിറ്റർ കുടിവെള്ളം കൊണ്ടു പോകുന്ന വാഹനത്തിനാണ് ഓരോ കിലോമീറ്ററിനും 57/- രൂപ നിരക്കിൽ തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഇതേ നിരക്ക് തന്നെയാണ് 1000 ലിറ്റർ, 500 ലിറ്റർ വെള്ളം വിതരണം ചെയ്ത ട്രിപ്പുകൾക്കും നൽകിയിട്ടുള്ളത്.

3).വിതരണം ചെയ്ത കുടിവെള്ളത്തിന്റെ പരിശോധന റിപ്പോർട്ട് ഇല്ല

വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ നിന്നും, ഈ കാലയളവിൽ ഏകദേശം 60 ലക്ഷം ലിറ്റർ കുടിവെള്ളമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് കാണാം. ജലനിധിയുടെ പരപ്പിൽ പദ്ധതിയിലെ കുഴൽ കിണറിൽ നിന്നുമുള്ള വെള്ളമാണ് പരിശോധനക്ക് നൽകിയിട്ടുള്ളത്. മറ്റ് ജല സ്രോതസ്സുകളുടെ വിവരങ്ങളോ, അവയിലെ കുടിവെള്ളത്തിന്റെ പരിശോധന റിപ്പോർട്ടോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്രയും ജലലഭ്യത പരപ്പിൽ പദ്ധതിയിൽ ഇല്ലെന്നിരിക്കെ, വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണമേന്മ / നിലവാരം ഉറപ്പു വരുത്തുന്നതിൽ അധികാരികൾ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലായെന്ന് കാണാം.

4). വാട്ടർ കിയോസ്കുകളുടെയും ജലനിധി പദ്ധതികളുടെയും സാന്നിധ്യം

പഞ്ചായത്ത് പ്രദേശത്ത് ഈ വർഷം അനുവദിച്ച നാല് വാട്ടർ കിയോസ്കുകൾ ഉൾപ്പടെ ഏഴോളം വാട്ടർ കിയോസ്കുകളും, ജലനിധി പദ്ധതി അനുസരിച്ചുള്ള ജലവിതരണവും ഉണ്ടെന്നിരിക്കെ ഇത്രയും കുടിവെള്ളം വിതരണം നടത്തിയെന്നുള്ളത് വസ്തുതപരമല്ലെന്ന് കാണാം.

5). ജി.പി.എസ്. പ്രവർത്തനക്ഷമമല്ലെന്ന റിപ്പോർട്ട് ഇല്ല

KA-19 A:1083, KL -14 R:7363 എന്നീ വാഹനങ്ങൾ 11.05.2017 മുതൽ കുടിവെള്ളം വിതരണം ചെയ്തിരുന്നുവെങ്കിലും അവയിൽ ഘടിപ്പിച്ച ജി.പി.എസ്. സംവിധാനം 17.05.2017 മുതലാണ് പ്രവർത്തന ക്ഷമമായതെന്നാണ് വിതരണക്കാരൻ ആവശ്യപ്പെട്ടത്. അതിനാൽ 11.05.2017 മുതൽ 16.05.2017 വരെ ഈ വാഹനങ്ങൾക്ക് വാടക നൽകണമെന്ന് വിതരണക്കാരൻ ആവശ്യപ്പെട്ടതനുസരിച്ച്, വൗച്ചർ നം 427/04.09.2018 പ്രകാരം ₹ 21,153/- രൂപ വിതരണക്കാരന് നൽകുകയുണ്ടായി (2018 – 19 വർഷത്തിൽ). എന്നാൽ 11.05.2017 മുതൽ 16.05.2017 വരെ ഈ വാഹനങ്ങളിലെ ജി.പി.എസ്. സംവിധാനം തകരാറിലാണെന്നത് സംബന്ധിച്ച ഒരു റിപ്പോർട്ടും ലഭ്യമാക്കിയില്ല, ജി.പി.എസ്. ടെക്നീഷ്യന്റേതുൾപ്പടെ.

6). വേണ്ടത്ര പ്രചാരണം നൽകാതെയുള്ള ക്വട്ടേഷൻ നടപടികൾ

ക്വട്ടേഷൻ നോട്ടീസ് നമ്പർ എ2.1069/2017 തിയതി. 29.04.2017 പ്രകാരമാണ് ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ ക്ഷണിച്ചത്. ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തിയതി 08.05.2017 പകൽ 12 മണി വരെ ആയിരുന്നു. ഫയൽ പരിശോധിച്ചതിൽ, ക്വട്ടേഷൻ ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്,അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, കൃഷിഭവൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ഓഫീസ്, വി.ഇ.ഒ. യുടെ ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തിയതായി ഫയലിൽ സൂക്ഷിച്ച ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രത്തിലോ, വെബ്സൈറ്റിലോ പരസ്യപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും ക്വട്ടേഷന് വേണ്ടത്ര പ്രചാരണം നൽകിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

7). സർക്കാർ ഉത്തരവ് പാലിക്കാത്തത്

സ. ഉ. (ആർ.ടി.) 807/2012 ത.സ്വ.ഭ.വ. തിയ്യതി 20/03/2012 പ്രകാരം ഇങ്ങനെ കുടിവെള്ള വിതരണത്തിനായി ചിലവാക്കുന്ന തുകയ്ക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതാണെന്നും, വരൾച്ചക്കു ശേഷം ചേരുന്ന ഗ്രാമസഭയിൽ/വാർഡ് സഭയിൽ ജലവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ച് ചർച്ച ചെയ്യണമെന്നും, ജല വിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റ് ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും ഏ.ഡി.എസ് ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8). ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല

കുടിവെള്ള വിതതരണത്തിനായി വിവിധ വാഹനങ്ങളിൽ സ്ഥാപിച്ച കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ച വസ്തുതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 19 (തിയതി-21.01.2019) -ന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഈ പ്രവൃത്തിക്കായി 2017-18 വർഷത്തിൽ വിനിയോഗിച്ച ₹ 5,59,460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ചെലവുകളുടെ സാധുത സംബന്ധിച്ച് വ്യക്തത നൽകിയില്ല - തനത് ഫണ്ടിൽ നിന്നുള്ള ഏതാനും ചെലവുകൾ അംഗീകരിക്കുന്നില്ല

2017-18 വർഷത്തിലെ പഞ്ചായത്തിന്റെ ഏതാനും ചെലവ് വൗച്ചറുകൾ പരിശോധിച്ചപ്പോൾ, അവയുടെ സാധുതയിൽ അവ്യക്തത ഉള്ളതായി കണ്ടു. ഈ ചെലവുകൾക്ക് വ്യക്തത നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 17 (തിയതി-21.01.2019) ന് മറുപടി നൽകുകയുണ്ടായില്ല. ഇക്കാരണത്താൽ ചുവടെ ചേർത്തിരിക്കുന്ന ചെലവുകൾ അംഗീകരിക്കുന്നില്ല.

1) വാഹനങ്ങൾ വാടകക്ക് എടുത്തതുമായി ബന്ധപ്പെട്ട ഏതാനും ചെലവുകളിൽ, സ്വകാര്യ വാഹന ഉടമകൾക്ക് വാഹനവാടക നൽകിയിരിക്കുന്നത് (കേരള മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റിൽ നിന്നും). വിശദാംശങ്ങൾ ചുവടെയുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നം. | യാത്രയുടെ ഉദ്ദേശ്യമായി സൂചിപ്പിച്ചിട്ടുള്ളത് | വാഹനത്തിന്റെ രജിസ്ട്രേഷൻ നം | വൗച്ചർ നം. | തുക |
|---|---|---|---|---|
| 1 | 2017-18 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് (05.07.2017) | KL-14: 8588 | 312/ 02.08.2017 | ₹ 2,000/- |
| 2 | 2017-18 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് (16 &17.07.2017) | KL-14: 8588 | 381/ 29.08.2017 | ₹ 1,920/- |
| 3 | സോഷ്യൽ മാപ്പ് തയ്യാറാക്കുന്നതിന് (26.08.2017) | KL-14: 8588 | 431/ 02.09.2017 | ₹ 1,900/- |
| 4 | പോളിയോ ഇമ്മ്യൂണൈസേഷൻപൾസ് പ്രോഗ്രാം 2017 ( 29.01.2017) | KL-14A: 533 | 237/ 03.07.2017 | ₹ 2,500/- |
| 5 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം 2017 ( 02.04.2017) | KL-14B: 5129 | 237/ 03.07.2017 | ₹ 2,500/- |
| | | | ആകെ | ₹10,820/- |

2) 2016-17 ലെ ബജറ്റ് പ്രിന്റ് ചെയ്തതിന് തുക 2017-18 ൽ നൽകിയത്

2016-17 വർഷത്തിലെ ബജറ്റ് ബുക്ക് (50 എണ്ണം) പ്രിന്റ് ചെയ്തയിനത്തിൽ കുമ്പള, ലത്തീഫിയ പ്രിന്റിങ് & പബ്ലിഷിങ് ഹൗസിന് വൗച്ചർ നം -255/06.07.2017 പ്രകാരം ₹ 6,230/- നൽകിയിട്ടുണ്ട് (ബിൽ നം.179/21.03.2017). എന്നാൽ 2016 ഫെബ്രുവരി /മാർച്ച് മാസത്തിൽ നടന്ന ഈ ചെലവിന്റെ ആധികാരികത വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 17 (തിയതി-21.01.2019) ന് മറുപടി നൽകുകയുണ്ടായില്ല. അതിനാൽ

ഇപ്രകാരം വിനിയോഗിച്ച ₹ 6,230/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 3-8 റെക്കോർഡ് റൂം സജ്ജമാക്കിയിട്ടില്ല,ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

പഞ്ചായത്തിലെ റെക്കോർഡ് റൂം നവീകരിക്കുന്നതിനായി 2016-17 വർഷത്തിൽ തുടങ്ങിയ പദ്ധതിയനുസരിച്ച് ഏതാനും അലമാരകളും, റാക്കുകളും വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി സിഡ്കോ, ഗവണ്മെന്റ് വർക്ക് ഷോപ്പ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് 2016-17 വർഷത്തിൽ ₹ 1,00,000/- രൂപ മുൻകൂറായി നൽകിയിരുന്നു. പതിനൊന്ന് റാക്കുകളുടെയും (Hardwood Reaper Rack), ഒരു അലമാരയുടെയും (Wooden- having 5 compartments) അവശേഷിക്കുന്ന തുകയായ ₹ 32,619/- രൂപ , 2017-18 വർഷത്തിൽ ഇതേ പേരിലുള്ള പദ്ധതി (138/18) വഴി വിതരണക്കാർക്ക് നൽകുകയുണ്ടായി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റെക്കോർഡ് റൂം നാളിതുവരെ (ഓഡിറ്റ് കാലയളവിലും) സജ്ജമാക്കിയിട്ടില്ല.

2. ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ഇവയെ സ്റ്റോക്കിൽ ചേർക്കുവാനോ പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനോ സാധിച്ചിട്ടില്ല.

3. വാങ്ങിയ സാമഗ്രികൾ പല നിർവഹണ ഉദ്യോഗസ്ഥർക്കും മറ്റും കൈമാറിയതായി കാണുന്നുവെങ്കിലും അത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

കൂടാതെ ഇതേ രീതിയിൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്കും ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട് (പദ്ധതി നം 194/17 & 141/18). പത്ത് മേശകൾ, രണ്ട് സാധാരണ മരക്കസേരകൾ, പതിമൂന്ന് കുഷ്യനിട്ട മരക്കസേരകൾ, ആറ് എക്സിക്യൂട്ടീവ് റിവോൾവിങ് കസേരകൾ എന്നിവ. ഇവയെയും സ്റ്റോക്കിലോ ആസ്തിയിലോ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല.

അതിനാൽ എത്രയും വേഗം സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും റെക്കോർഡ് റൂം സജ്ജമാക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-9 പഞ്ചായത്തിനായി പ്രതിമാസ നിരക്കിൽ വാഹനം വാടകക്ക് എടുത്തത് സംബന്ധിച്ച്

പൈവളികെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജീപ്പ്, രജിസ്റ്റർ നം- KL-14 D: 9107 ഉപയോഗിക്കാൻ പറ്റാത്തവിധത്തിൽ തകരാറിലായതിനെ തുടർന്ന് വാഹനം 'കണ്ടം' (condemn) ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. അതിനാൽ തുടർന്നുള്ള കാലയളവിൽ പഞ്ചായത്തിന്റെ ഓഫീസ് ആവശ്യങ്ങൾക്കായി ഒരു വാഹനം പ്രതിമാസ നിരക്കിൽ വാടകക്കെടുക്കുന്നതിനായി പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുകയുണ്ടായി (തീരുമാനം നം -14/ തിയതി 06.02.2018). തുടർന്ന് ക്ഷണിച്ച ക്വട്ടേഷനിൽ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ജനാർദ്ദനൻ ആചാരി, തലങ്കള യുടെ ജീപ്പ് ( KL-14 Q : 1388), 26.02.2018 മുതൽ മൂന്ന് മാസത്തേക്ക് പ്രതിമാസം 15,000/- രൂപ

നിരക്കിൽ വാടകക്ക് എടുക്കുന്നതിന് പഞ്ചായത്തുമായി കരാർ വക്കുകയും (നം-എ1.654/18 തിയതി 26.02.2018) ചെയ്തു. കരാർ പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ഉടമ നിർവഹിക്കുന്നതായിരിക്കും, മറ്റെല്ലാ ചെലവുകളും പഞ്ചായത്തിന്റെ ഉത്തരവാദിത്വവും. പഞ്ചായത്ത് നിയമിച്ച താൽക്കാലിക ഡ്രൈവറുടെ സേവനം, ഈ വാഹനത്തിൽ തുടരുന്നതിനും തീരുമാനിക്കുകയുണ്ടായി. ഈ കരാർ ഓരോ മൂന്ന് മാസത്തിനു ശേഷവും പുതുക്കുന്നതായി കാണാം. ഓഡിറ്റ് സമയത്തും (01/2019) കരാർ തുടരുന്നു.

എന്നാൽ സ.ഉ. (സാധാ) നം.2493/2012/ത.സ്വ.ഭ.വ. തിയതി 03.09.2012 പ്രകാരം സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വാഹനം വാടകക്ക് എടുത്ത് ഉപയോഗിക്കുന്നതിന് ഒരു വർഷം 75,000/- രൂപയാണ് ചെലവഴിക്കാവുന്നത്.നിലവിലെ കരാർ തുടർന്നുകൊണ്ട് പോകുന്നത്, പഞ്ചായത്തിനു അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായ പുനർ വിചിന്തനം നടത്തേണ്ടതാണ്.

## 3-10 <u>ശവദാഹപ്പെട്ടി വിതരണം **(158/18)-**പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>

നിർവഹണം - സെക്രട്ടറി ; ഫണ്ട് - വികസന ഫണ്ട്(ജനറൽ) ; ചെലവ് - ₹ 3,12,000/-

ബിൽ നം. - 29/17-18 ; തിയതി - 22.03.2018 ; BRN:1227057/20.03.2018

പഞ്ചായത്തിലെ 19 വാർഡുകളിലേക്കും ലഭ്യമാകത്തക്ക വിധത്തിൽ, 4 കമ്യൂണിറ്റി ഹാളുകളിലേക്കും (വില്ലേജ് അടിസ്ഥാനത്തിൽ) നൽകി, ഒരു കമ്മറ്റി രൂപീകരിച്ച് പൊതുജനങ്ങളുടെ ആവശ്യാർത്ഥം ഉപയോഗിക്കുന്നതിനായാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി ക്ഷണിച്ച ടെണ്ടറിൽ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത, എസ്.കെ. ഇന്റർനാഷണൽ, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഇവർ സമർപ്പിച്ച ടെണ്ടറിൽ, നിരക്കിലും സ്പെസിഫിക്കേഷനിലും വ്യത്യസ്തമായ നാല് തരം ശവദാഹപ്പെട്ടികളുടെ വിലയാണ് ക്വോട്ട് ചെയ്തിരുന്നത്. ഇതിൽ ഏറ്റവും മികച്ചതെന്ന് പർച്ചേസിങ് കമ്മറ്റിക്ക് ബോധ്യപ്പെട്ടതും, ഏറ്റവും ഉയർന്ന നിരക്കുള്ളതുമായ (₹ 78,000/-) ഇനത്തിനാണ് വിതരണാനുമതി നൽകിയത്. വിതരണക്കാരൻ ഇതിന് നൽകിയ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

1) Length – 7 feet, H clamp of width 4”- 2 nos

2) Cover – 18”and height 28”, D shape - 4 nos

Both side cover having handle size - 10”

Back and front covering – 12 mm mild steel

3) 5”H clamp and 2 mm rods with Structure

4) All materials should be painted

ശവദാഹപ്പെട്ടി കിട്ടിയതായി കൺവീനർമാരായ നവീൻ കുമാർ (പൈവളികെ), ഗോപാലകൃഷ്ണ ബി (കൂടാൽ-മെർക്കള) എന്നിവരും വാർഡ് മെമ്പർമാരായ സുബ്രഹ്മണ്യ ഭട്ട് (10), ചനിയ കൊമ്മംഗല (2) എന്നിവരും ഒപ്പിട്ട രസീത് ഫയലിനൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

ഓഡിറ്റുമായി ബന്ധപ്പെട്ട് ബോളംഗല ക്രിമറ്റോറിയം സന്ദർശിച്ചപ്പോൾ അവിടെ 02 ശവദാഹപ്പെട്ടികൾ അലക്ഷ്യമായി വച്ചിരിക്കുന്നത് കാണുകയുണ്ടായി. ഇവ 2017-18 വർഷത്തിൽ വാങ്ങിയവയാണെന്ന് അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. ഇതിനെക്കുറിച്ച് കൺവീനർമാരോട് അന്വേഷിച്ചപ്പോൾ, വിതരണക്കാരൻ നൽകിയ ശവദാഹപ്പെട്ടികൾ സ്പെസിഫിക്കേഷൻസിന് അനുസൃതമല്ലായെന്നും ഉപയോഗ യോഗ്യമല്ലെന്നും അറിയിക്കുകയുണ്ടായി.

അതിനാൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ നൽകുന്നതിനായി വിതരണക്കാരോട് ആവശ്യപ്പെടേണ്ടതും അത് അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) നെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതും, പദ്ധതിയിൽ വിഭാവനം ചെയ്തത് പ്രകാരം പരിപാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാരണങ്ങളാൽ ഇതിനായി വിനിയോഗിച്ച ₹ 3,12,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ആശുപത്രിക്കായി നിർമ്മിച്ച കെട്ടിടങ്ങൾ -പ്രവർത്തനക്ഷമമാക്കണം

2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിക്കു വേണ്ടിയും ഹോമിയോ ആശുപത്രിക്കു വേണ്ടിയും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര്, നം. | ചെലവഴിച്ച തുകയുടെ വിവരം | | |
|---|---|---|---|---|
| | | തുക | ട്രഷറി ബിൽ നം., തീയ്യതി | ഫണ്ട് |
| 1 | ചേവാർ ഹോമിയോ ഡിസ്പെൻസറിയ്ക്ക് പുതിയ കെട്ടിടം (പ്രൊജക്ട് നം.67/18) | ₹5,73,177/- | 86/17-18 തീയ്യതി 29.12.2017. | വികസന ഫണ്ട് |
| 2 | പൈവളികെ ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് പുതിയ കെട്ടിടം(പ്രൊജക്ട് നം. /18) | ₹5,92,280/- | 88/17-18 തീയ്യതി 29.12.2017. | വികസന ഫണ്ട് |

മേൽ പറഞ്ഞ ആശുപത്രികൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചുവെങ്കിലും അവ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളിലേക്ക് പ്രവർത്തനം മാറിയിട്ടില്ല. ആശുപത്രികൾക്കായി നിർമ്മിച്ച കെട്ടിടങ്ങളിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി ആയുർവ്വേദ ആശുപത്രിയും ഹോമിയോ ഡിസ്പെൻസറിയും പുതുതായി നിർമ്മിച്ച കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ആരോഗ്യ വിദ്യാഭ്യാസം സ്റ്റാന്റിംഗ്

കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-12 വനിതാ സൗകര്യ കേന്ദ്രം - പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

പ്രൊജക്ട് നം. 59/18 (വനിതാ സൌകര്യ കേന്ദ്രം)

2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് വനിതകളുടെ വിശ്രമത്തിനും മുലയൂട്ടുന്ന അമ്മമാർക്കുള്ള സൗകര്യമൊരുക്കുന്നതിനുമായി ഒരു വനിതാ സൗകര്യ കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ടിൽ നിന്നും 11,13,485/- രൂപ (ട്രഷറി ബിൽ നം. 103/17-18/ 24.02.2018) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിൽ നാളിതുവരെ വനിതാ സൗകര്യ കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. വനിതാ സൗകര്യ കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി പദ്ധതി യാഥാർത്ഥ്യമാക്കേണ്ടതാണ്.

## 3-13 പഞ്ചിപ്പള്ള സോന്തി റോഡ് ടാറിംഗ് പ്രവൃത്തി - അന്തിമ ബില്ലിൽ ടാറിന്റെ വില ഈടാക്കിയതിൽ കുറവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രൊജക്ട് നം. | 185/18, പഞ്ചിപ്പള്ള സോന്തി റോഡ് ടാറിംഗ് പ്രവൃത്തി |
| അടങ്കൽ | 3 ലക്ഷം (സംരക്ഷണ ഗ്രാൻറ് റോഡ്) |
| എസ്റ്റിമേറ്റ് | ₹3 ലക്ഷം |
| കരാറുകാരൻ | അന്തുഞ്ഞി ഹാജി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |

പഞ്ചിപ്പള്ള സോന്തി റോഡ് പ്രവൃത്തിയ്ക്കാവശ്യമായ ടാറിന്റെയും എമൾഷന്റെയും വിലയായി സിഡ്കോയ്ക്ക് നല്കുന്നതിനായി ട്രഷറി ബിൽ നം. 24/17-18 തിയ്യതി 27.09.2017 പ്രകാരം 54,470/- രൂപ നിർവ്വഹണോദ്യോഗസ്ഥൻ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും (ബിൽ നം.18200652017100218320, തിയ്യതി. 13.06.2018, ബിൽ തുക 2,48,816/- രൂപ) ടാറിന്റെയും എമൾഷന്റെയും വിലയായി 47,247/- രൂപയാണ് ഈടാക്കിയത്. ടാറിന്റേയും എമൾഷന്റേയും വില തിരികെ ഈടാക്കിയതിൽ കുറവ് വന്ന 7,223/- രൂപ പ്രവൃത്തി അന്തിമ ബിൽ തയ്യാറാക്കിയ ശ്രീ.രാഹുൽ.ആർ, അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-14 ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല - അപാകത.

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 54 റോഡ് പ്രവൃത്തികൾക്ക് ടാറും എമൾഷനും വാങ്ങി നൽകിയിട്ടുണ്ട്. ട്രഷറി ബിൽ ബുക്ക് പ്രകാരം 27.09.2017 ന് ബിൽ നം.12 മുതൽ 41 വരെയും 31.10.2017 ന് ബിൽ നം. 49 മുതൽ 72 വരെയും ആകെ 36,20,885/- രൂപ നിർവ്വഹണോദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും 54 റോഡ് റോഡ് പ്രവൃത്തികൾക്ക് ടാറും എമൾഷനും വാങ്ങുന്നതിനായി പിൻവലിച്ച് എണ്ണക്കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റ് റിക്വിസിഷൻ നം. 2 തിയ്യതി 19.01.2019 പ്രകാരം ടാറിന്റേയും എമൾഷന്റേയും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ടാറിന്റേയും എമൾഷന്റേയും സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കിയിട്ടില്ല. ടാറിന്റേയും എമൾഷന്റേയും സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് ഗുരുതരമായ അപാകതയാണ്. ആയതിന് വിശദീകരണം ആവശ്യമാണ്. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ റോഡ് പ്രവൃത്തികളുടെ അന്തിമ ബില്ലിൽ നിന്നും ടാറിന്റേയും എമൾഷന്റേയും വിലയായി ഈടാക്കിയ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. 2017-18 വർഷം ടാർ, എമൾഷൻ എന്നിവ വാങ്ങി നൽകിയ 72 പ്രവൃത്തികളുടേയും അന്തിമ ബില്ലിൽ നിന്നും ഈ ആവശ്യത്തിലേക്കായി ചെലവഴിച്ച തുക ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-15 മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 87/2017/തസ്വഭവ തീയതി 01.11.2017 പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാകരാറുകാരും ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് തീയതിക്കുശേഷം ഗ്രാമ പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾക്കായി നടത്തിയ ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാർ ടെണ്ടറിനൊപ്പം ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാത്തതിന് വിശദീകരണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം- 22 തീയതി 22.01.2019).

## 3-16 ദേശിയ വികലാംഗ പുനരധിവാസ പദ്ധതികൾക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ട്രഷറി ബിൽ നമ്പർ | 01/17-18 തീയ്യതി. 18-07-2017- ₹3,00,000/- |
| പ്രൊജക്ട് നം. | 258/17-18, ദേശിയ വികലാംഗ പുനരധിവാസ പദ്ധതി |

| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
|---|---|

ദേശിയ വികലാംഗ പുനരധിവാസ പദ്ധതികൾക്കായി പൈവളികെ ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതമായി വികസന ഫണ്ടിൽ നിന്നും ₹3,00,000/- പിൻവലിച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.40526100002111) തുക കൈമാറിയിട്ടുണ്ട്. ഓഡിറ്റ് വർഷം പദ്ധതിക്ക് വേണ്ടി തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ.10/18-01-2019)

## 3-17 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പൈവളികെ ഗ്രാമ പഞ്ചായത്തിലെ 35 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം അക്ഷയ അമൃതം ഫുഡ് യൂണിറ്റ് പറമ്പ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 9,100 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 6,37,000/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-18 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട

ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്ന മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫിസർ പി.എച്ച്.സി.ബായാർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-19 <u>സ്വാന്തന പരിചരണ പദ്ധതിയ്ക്കായി ലഭിച്ച തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.</u>

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ അലോപതി, നടപ്പാക്കിയ സ്വാന്തന പരിചരണ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ലഭിച്ച 6,00,000/-രൂപയും, സ്വാന്തന പരിചരണ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 67,004/-രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 79,700/-രൂപയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെയാണ് ചെലവഴിച്ചിട്ടുള്ളത്. ക്യാഷ് ബുക്കിൽ ചേർക്കാതെ തുക വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.05തീയ്യതി 17-01-2019)

## 3-20 <u>നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>

ആരോഗ്യ മേഖലയിൽ (അലോപ്പതി) മരുന്ന് വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ.254/18 പ്രകാരം 2,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആരോഗ്യമേഖലയിൽ മരുന്നുകളും ബന്ധപ്പെട്ട സാമഗ്രികളും വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതികൾ

പ്രകാരമുള്ള മരുന്നുകൾ വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് പകരം കെ.എം.സി.എൽ ജില്ലാ മെഡിക്കൽ ഡിപ്പോയിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് . കെ.എം.സി.എൽ ജില്ലാ മെഡിക്കൽ ഡിപ്പോയിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവുകൾ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-21 എസ്.എസ്.എ.വിഹിതം നൽകിയത് വിനിയോഗ വിവരം പൂർണ്ണമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി ഗ്രാമ പഞ്ചായത്ത്

എസ്.എസ്.എ. പദ്ധതി അടങ്കലിന്റെ ആകെ തുകയായ70.91 ലക്ഷം രൂപയിൽ, ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 40% തുകയായ 28.35 ലക്ഷം രൂപ എസ്.എസ്.എ. ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ.നം.6/11-08-2017 ₹ 15,00,000 & 25/15-03-2018 ₹ 13,35,000) പ്രൊ.നം.130/18&335/18). പരിശോധനയ്ക്ക് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം കേന്ദ്രവിഹിതം ഉൾപ്പടെയുള്ള ആകെ അടങ്കലായ 70.91 ലക്ഷം രൂപയിൽ 31-03-2018 വരെയുള്ള ആകെ ചെലവ് 41.32ലക്ഷം രൂപ മാത്രമാണ്. ആകെ ചെലവഴിച്ചത് 41.32 ലക്ഷം രൂപ മാത്രമായതിനാൽ ഇതിന്റെ 40% കണക്കാക്കിയാൽ 16.52 ലക്ഷം രൂപ മാത്രമേ ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ നിന്നും വിനിയോഗിക്കപ്പെട്ടിട്ടുള്ളു എന്ന് കാണാവുന്നതാണ്. 15.05.2018 ൽ എസ്.എസ്.എ. ജില്ലാ പ്രൊജക്ട് ഓഫീസർ നല്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം തുക പൂർണ്ണമായി വിനിയോഗിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം എസ്.എസ്.എ. അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നല്കിയ തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതും ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നല്കിയ തുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് കണക്കാക്കി അടുത്ത വർഷത്തെ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തുവാനോ, അല്ലെങ്കിൽ തിരികെ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ എസ്.എസ്.എ. പദ്ധതിയ്ക്കായി തുക വകയിരുത്തുമ്പോൾ മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കൃത്യമായ വിനിയോഗ വിവരങ്ങൾ പരിശോധിച്ച് പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ എസ്.എസ്.എ മുഖാന്തിരം നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-22 ആശ്രയപദ്ധതി- നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത് 12.05ലക്ഷം രൂപ.

ആശ്രയ ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച 15,00,000 രൂപയിൽ പലിശയുൾപ്പടെ 12,05,106രൂപ നിലവിൽ (30-09-2018) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആദ്യഘട്ടപദ്ധതിയിൽ 57 ഗുണഭോക്താക്കളായിരുന്ന ഉൾപ്പെട്ടിരുന്നത്. എന്നാൽ പദ്ധതിയിൽ ലക്ഷ്യം വെച്ചിരുന്ന പല പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരമുള്ള (അനുബന്ധം 4) അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി 98 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2.95 കോടി അടങ്കലുള്ള പദ്ധതിരേഖ തയ്യാറാക്കി ഭരണസമിതി അംഗീകാരത്തോടെ കുടുംബശ്രീ മിഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ആശ്രയ പദ്ധതിക്കായി ലഭിച്ച് ചെലവഴിക്കാതെ സി.ഡി.എസ്. അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്ന 12.05 ലക്ഷം രൂപ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാൻ സാധിക്കുമോയെന്ന കാര്യം സർക്കാരിനോട്/കുടുംബശ്രീ സംസ്ഥാന മിഷനോട് ആരായേണ്ടതും, അനുമതി ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 <u>ലൈഫ് ഭവന പദ്ധതി</u>

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതിയിൽ ഭവന രഹിതരായ141 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഭൂരഹിതഭവന രഹിതരുടെ പട്ടികയിൽ 161 പേരും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുവാൻ ആരംഭിച്ചിട്ടില്ല . നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 141 പേരിൽ 64 പേർ കരാറുടമ്പടിവെച്ച് ഭവന നിർമ്മാണം ആരംഭിച്ചതായും ഇവർക്ക് 2018-19 വർഷം വിവിധ ഫണ്ടുകളിലായി 56.6ലക്ഷം രൂപ നൽകിയിട്ടുള്ളതായും നിർവഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. സ്വന്തമായി റേഷൻകാർഡ് ലഭ്യമല്ലാത്തതിനാലും, സ്ഥലമില്ലാത്തതിനാലും മറ്റ് സാങ്കേതിക തടസ്സങ്ങൾ മൂലവും മറ്റുള്ളവർക്ക് ആനുകൂല്യം അനുവദിക്കുവാൻ സാധിച്ചിട്ടില്ലയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് ലൈഫ് മിഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്

ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി KURDFC യിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4,70,16,293 രൂപ വായ്പ ലഭ്യമാക്കുന്നതിന് അപേക്ഷ നൽകിയെങ്കിലും, ആദ്യഗഡുവായി 21-01-2018 വരെ 2,38,445/- രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണം ആരംഭിച്ചവരിൽ ആരും തന്നെ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട വായ്പാ തുക ലഭ്യമാക്കി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതുപോലെ ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ലൈഫ് മിഷൻ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 വിദ്യാർത്ഥികൾക്ക് ഫർണിച്ചറും, സൈക്കിളും നൽകിയത്- കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥ ഹെഡ്മാസ്റ്റർ, നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പെടുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ, മേശ, കസേര എന്നിവ അനുവദിച്ചിട്ടുണ്ട്. ആകെ 86 മേശ,കസേര എന്നിവയും, 46 സൈക്കിളുമാണ് പദ്ധതി പ്രകാരം വാങ്ങി ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് കൈമാറിയട്ടുള്ളത്. ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകർ ഇവ കൈപ്പറ്റിയിട്ടുണ്ടെങ്കിലും, എ.യു.പി.സ്കൂൾ, ഹെദ്ദാരി ഒഴികെ മറ്റ് സ്കൂൾ അധികൃതർ ഇവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | പ്രൊജക്ട് നമ്പർ, ഇനം, എണ്ണം | | | |
|---|---|---|---|---|---|
| | | 263/18 വിദ്യാർത്ഥി കൾക്ക് മേശയും കസേരയും (TSP) | 267/18 വിദ്യാർത്ഥി കൾക്ക് മേശയും കസേരയും (SCP) | 275/18 വിദ്യാർത്ഥി കൾക്ക് സൈക്കിൾ (TSP) | 273/18 വിദ്യാർത്ഥി കൾക്ക് സൈക്കിൾ (SCP) |
| 1 | ഗവ.ഹൈസ്കൂൾ, പൈവളികെ | 6 | 4 | 9 | 10 |
| 2 | ഗവ.ഹൈസ്കൂൾ, പൈവളികെ നഗർ | 4 | 11 | 7 | 9 |
| 3 | AUPS, കുരുഡപ്പദവ് | 2 | 3 | 6 | 5 |
| 4 | ALPS, ബായാർ | 1 | 3 | - | - |
| 5 | AUPS, ചിപ്പാർ | 4 | 3 | - | - |
| 6 | AUPS, അട്ടഗോളി | - | 3 | - | - |
| 7 | AUPS, ഡോൺബോസ്കോ | 4 | 4 | - | - |
| 8 | SDAUPS, സജൻകില | 5 | 3 | - | - |
| 9 | AUPS, ചേവാർ | 5 | 4 | - | - |

മേൽ പരാമർശിച്ച ഫർണിച്ചറുകളും, സൈക്കിളുകളും, വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം ലഭ്യമാക്കി എത്രയും വേഗം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-25 സമ്പൂർണ്ണ സാക്ഷരത – പദ്ധതി മാർഗ്ഗരേഖ, പ്രൊജക്ട് നിർദ്ദേശം എന്നിവ പാലിക്കാതെ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ, ഹെഡ്മാസ്റ്റർ

2017-18 വർഷം സമ്പൂർണ്ണ സാക്ഷരത (പ്രൊ.നം.246/18) പദ്ധതിപ്രകാരം തനത് ഫണ്ടിൽ നിന്നും 25,000 രൂപ (ചെക്ക്.നം.3518336/21-03-2018) തുടർ സാക്ഷരത കേന്ദ്രം പ്രേരകിന് നല്കിയിട്ടുണ്ട്. അംഗീകരിച്ച പ്രൊജക്ട് റിപ്പോർട്ടിൽ തുടർ സാക്ഷരത പഠിതാക്കളുടെ ഫീസ്, പുസ്തകം എന്നീയിനങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം തുടർ സാക്ഷരതാ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ വിവിധ പരിപാടികളുടെ ചെലവിനായി പ്രസ്തുത തുക വിനിയോഗിച്ചതായാണ് കാണുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അധ്യായം 12.9.6 പ്രകാരം സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുക, പഠിതാക്കളുടെ ഫീസ് നൽകുക എന്നിവയ്ക്ക് വേണ്ടിയുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള സർക്കാർ നിർദ്ദേശവും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നോ സംസ്ഥാന ഗവൺമെന്റിൽ നിന്നോ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി നടത്തിയ 25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്,പ്രൊജക്ട് നമ്പർ | ചെലവ് | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | ₹5,52,500 | നെൽകൃഷിക്ക് കൂലിചെലവ് (പ്രൊജക്ട് നം 118/18) | ₹5,52,500 | 0 |
| | 2017-18 | ₹2,40,500 | ശാരീരിക മാസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം | ₹1,44,500 | ₹96,000 |

| | | | | | |
|---|---|---|---|---|---|
| | | | 155/18) | | |
| | 2017-18 | ₹1,00,000 | പാലിയേറ്റീവ് പരിചരണം (പ്രൊജക്ട് നം 254/18) | ₹67,004 | ₹32,996 |
| ജില്ലാ പഞ്ചായത്ത് | 2017-18 | ₹1,00,000 | പാലിയേറ്റീവ് പരിചരണം (പ്രൊജക്ട് നം 254/18) | ₹79,700 | ₹20,300 |

വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ വിനിയോഗിക്കുവാൻ സാധിക്കാത്തപക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി). നം. 209/09 ത.സ്വ.ഭ.വ. തി.07-11-2009 | ₹1,97,19,000 | ₹26,73,353 | ₹9,71,900 | - | ₹17,01,453/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 81,360/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11,2011-12 | 3(22) | ₹13,565 | വി.ഡി.വിനോദ്കുമാർ, മുൻ അസി.എഞ്ചിനിയർ | 11710100367 dt. 29.04.2017 |
| 2008-09,2009-10 | 3-15(b),3-19 | ₹35,556 | പി.ഐ.ഹംസ, മുൻ അസി.എഞ്ചിനിയർ | 117100400005 dt.24.10.2017 |
| 2010-11,2011-12 | 3(26) | ₹22,239 | ദേവരാജൻ, കൃഷി ഓഫീസർ | 11710100693 dt. 17.06.2017 |
| 1997-98 | 3(1) | ₹10,000 | ജനാർദ്ദന ഭണ്ഡാരി, (ഗുണഭോക്തൃ സമിതി കൺവീനർ) | 11710103082 dt. 07.11.2017 |

(വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡ്ഡിൽ മേൽ തുകകൾ ചേർത്തിട്ടില്ല.ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.)

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | വർഷം | | | |
|---|---|---|---|---|---|
| 1997-98 | 3-1 | 2007-08 | 3.66.1.(1) | മുൻകൂർ തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല | തുക കൺവീനറിൽ നിന്നും ഈടാക്കി . വിവരം നിയമ സഭാ സമിതിയെ അറിയിച്ചിട്ടുണ്ട് (നിയമ സഭാ സമിതി (2016-19) പരിഗണനയിൽ) |
| 1998-99 | 3-5 | 2007-08 | 3.66.2(1) | എൻ.എം.ആർ ക്രമക്കോട്ടുകൾ | നിയമ സഭാ സമിതി (2016-19) പരിഗണനയിൽ |
| 1999-00 | 3-4 | 2007-08 | 3.66.2.(3) | എൻ.എം.ആർ ക്രമക്കേട്ടുകൾ | നിയമ സഭാ സമിതി (2016-19) പരിഗണനയിൽ |
| 2010-11 2011-12 | 3-25 | 2013-14 | 4.11 | അങ്കണ വാടി പോഷകാഹാര വിതരണം ക്രമക്കേട്ടുകൾ | നിയമ സഭാ സമിതി (2016-19) പരിഗണനയിൽ |
| 2015-16 | 2.3, 2-4 | 2016-17 | അദ്ധ്യായം 1 അനുബന്ധം3 | വസ്തു നികുതി | തുടരുന്നു |
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2-6 | 2016-17 | അദ്ധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹87,8,28,747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,53,30,276 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹3,100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹24,273 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹23,67,620/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7 | ₹3,100 | - | ശ്രീ.ചന്ദ്രൻ.എം.വി, സെക്രട്ടറി |
| 3-7(1) | ഇല്ല | ₹10,820/- | ശ്രീ.ചന്ദ്രൻ.എം.വി, സെക്രട്ടറി |
| 3-7(2) | ഇല്ല | ₹6,230/- | ശ്രീ.ചന്ദ്രൻ.എം.വി, സെക്രട്ടറി |
| 3-13 | ഇല്ല | ₹7,223/- | ശ്രീ. രാഹുൽ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | ₹9,71,900- | ശ്രീ.ചന്ദ്രൻ.എം.വി, സെക്രട്ടറി |
| 3.5 | ₹4,99,260/- | ശ്രീ.കെ.പി.എം.നവാസ്, സെക്രട്ടറി |
| 3.6 | ₹5,59,460/- | ശ്രീ.ചന്ദ്രൻ.എം.വി, സെക്രട്ടറി |
| 3.10 | ₹3,12,000/- | ശ്രീ.കെ.പി.എം.നവാസ്, സെക്രട്ടറി |
| 3.25 | ₹25,000/- | ശ്രീമതി.ഗീത, ഹെഡ്മാസ്റ്റർ |
| ആകെ | ₹23,67,620/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചന്ദ്രൻ.എം.വി, സെക്രട്ടറി | സെക്രട്ടറി മാടായി ഗ്രാമ പഞ്ചായത്ത് | ശ്രീമന്ദിരം, മണ്ടൂർ.പി.ഒ, കണ്ണൂർ ജില്ല, 670 501 |
| രാഹുൽ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് കുളനട ഗ്രാമ പഞ്ചായത്ത് | പുതീളു വീട്, കൊന്നൻകര, അഡൂർ, പത്തനംതിട്ട, അഡൂർ(പി.ഒ). |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1987-88, to 1989-90 | LF.C1/210/95 dt:21.12.95 | 5 |
| 1989-90 to 93-94 | LF.KSD-1-253/96 dt:06.06.96 | 5 |
| 1996-97 | LF.KSD-5-593/99 dt:2.02.2000 | 19 |
| 1990-91& 91-92 | LF.KSD-5-592/99 dt:15.06.2002 | 6 |
| 1997-98 | LF.KSD-6-301/04 dt:04.03.05 | 2 |
| 1998-99 | LF.KSD6-302/04 dt:04.03.2005 | 5 |
| 1999-2000 | LF.KSD-6-303/04 dt:04.03.05 | 6 |

| | | |
|---|---|---|
| 2000-01 | LF.KSD-6-304/04 dt:04.03.05 | 5 |
| 2001-02 | LF.KSD-6-305/04 dt:04.03.05 | 5 |
| 1997-98 | LF.KSD-6-239/05 dt:04.05.06/19.02.2008 | 9 |
| 1998-99 | LF.KSD-6-328/05 dt:27.04.06 | 14 |
| 1999-00 | LF.KSD-4-766/06 dt:04.06.07 | 9 |
| 2001-02 (final) | LF.KSD-4-203/07 dt:04.06.07 | 31 |
| 2000-01(Final) | LF.KSD-4-136/07 dt:04.06.07 | 18 |
| 2002-03(Final) | LF.KSD-4-58/08 dt:17.11.08 | 12 |
| 2003-04 | LF.KSD-4-59/08 dt:23.03.09 | 25 |
| 2004-05 | LF.KSD-4-61/08 dt:26.02.09 | 25 |
| 2005-06 | LF.KSD-4-103/08 dt: 04.02.09 | 22 |
| 2006-07 | LF.KSD-7-674/11 dt: 14.02.12 | 6 |
| 2007-08 | LF.KSD-4-63/12 dt: 13.09.12 | 28 |
| 1992-93 & 95-96 | LF.KSD-4-578/07 dt 28.10.09 | 5 |
| 2010-11&11-12 | LF.KSD-4-723/13 dt:06.03.2014/10.06.14 | 35 |
| 2008-09,2009-10 | LF.KSD-4-885/12 dt:06.06.2013/05.10.13 | 41 |

| | | |
|---|---|---|
| 2012-13 &2013-14.. | LF.KSD-9-271/15 dt: 11.08.2015. | 10 |
| 2014-15 | LF.KSD-5/129/16 dt: 08.03.2016 | 13 |
| 2015-16 | KSA.KSD-5 /76/2017 dt: 28.01.2017 | 21 |
| 2016-17 | KSA.KSD-5 /635/2017 dt: 12.06.2017 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൈവളികെ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

തീയ്യതി: 14.02.2019

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Paivalike Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18523068.00 |
| Cash | Cash | RP-40(a) | 0.0 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 925630.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4000.00 |
| 140000000 | Fees & User Charges | RP-4 | 471073.00 |
| 150000000 | Sale & Hire Charges | RP-5 | 299880.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65033715.00 |
| 171000000 | Interest Earned | RP-9 | 182499.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9692671.00 |
| 350000000 | Other Liabilities | RP-36 | 6315379.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 60.00 |
| 311000000 | Earmarked Funds | RP-29 | 214.00 |
| 340000000 | Deposits Received | RP-34 | 68590.00 |
| 350000000 | Other Liabilities | RP-36 | 262159.00 |
| 420000000 | Investments | RP-41 | 10000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4015331.00 |
| 460000000 | Loans, Advances and Deposits | RP-47 | 547546.00 |
| | Grand total | | 106351815.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3369159.00 |
| 220000000 | Administrative Expenses | RP-12 | 603853.00 |
| 230000000 | Operations & Maintenance | RP-13 | 6638045.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4073047.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14841685.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2437251.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 961776.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 563248.00 |
| 255000000 | Maintenance Projects | RP-20 | 13261071.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 559460.00 |
| 280000000 | Prior Period item | RP-26 | -106351.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 10595252.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1034.00 |
| 280000000 | Prior Period Item | RP-26 | -7250.00 |
| 330000000 | Secured Loans | RP-32 | 971900.00 |
| 340000000 | Deposits Received | RP-34 | 56312.00 |
| 350000000 | Other Liabilities | RP-36 | 1388179.00 |
| 410000000 | Fixed Assets | RP-38 | 3753340.00 |
| 412000000 | Capital work in Progress | RP-40 | 15958802.00 |
| 420000000 | Investments | RP-41 | 10000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14666325.00 |
| 460000000 | Loans, Advances and Deposits | RP-47 | 734138.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 10953842.00 |
| Cash | Cash | RP-40(b) | 67697.00 |
| | Grand Total | | 106351815.00 |

# അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Paivalike Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 3319868.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 113044.00 |
| 140000000 | Fee & User Charges | I-4(b) | 532733.00 |
| 150000000 | Sale & Hire Charges | I-5(b) | 299880.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 97527135.00 |
| 171000000 | Interest Earned | I-8 | 182499.00 |
| 180000000 | Other Income | I-9 | 60.00 |
| | Total Income | | 101975219.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8263823.00 |
| 220000000 | Administrative Expenses | I-11(b) | 603853.00 |
| 230000000 | Operations & Maintenance | I-12(b) | 6638045.00 |
| 240000000 | Interest & Finance Charges | I-13 | 1034.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7340589.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 12546043.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2437251.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 961776.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44154613.00 |
| 255000000 | Maintenance Projects | I-14(e) | 13261071.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 559460.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 9070511.00 |
| | Total Expenditure | | 105838069.00 |
| | Gross Surplus/ Deficit of income over Expenditure | | -3862850.00 |
| 280000000 | Prior Period Item | I-18 | -105661.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3757189.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| Paivalike Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12657899.60 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5561.00 |
| 312000000 | Reserves | B-3 | 66605321.00 |
| | Total Reserve & Surplus | | 79268781.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4257455.00 |
| | Total Grants, Contributions for Specific Purposes | | 4257455.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1701453.00 |
| | Total Loans | | 1701453.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 143220.00 |
| 350000000 | Other Liabilities | B-9 | 844367.40 |
| | Total Current Liabilities and Provisions | | 987587.40 |
| | TOTAL LIABILITIES | | 86215277.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 78643285.00 |
| 411000000 | Accumulated Depreciation | B-11 | -23384539.00 |
| 412000000 | Capital Work in Progress | B-11(a) | 622298.00 |
| | Total Fixed Assets | | 55881044.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 430000000 | Stock-in-hand | B-14 | 5832.00 |
| 431000000 | Sundry Debtors (Receivables) | B-15 | 17437897.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 1701453.00 |
| 450000000 | Cash and Bank Balance | B-17 | 11021539.00 |
| 460000000 | Loand, Advances and Deposits | B-18 | 167512.00 |
| | Total Current Assets, Loans and Advances | | 30334233.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 86215277.00 |